بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 35

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ആഗസ്റ്റ് 27/ഹി.ശം. 1399 ളുഹൂർ 27/1442 മുഹർറം 07

## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ لَا یَغۡفِرُ اَنۡ یُّشۡرَکَ بِہٖ وَیَغۡفِرُ مَا دُوۡنَ ذٰلِکَ لِمَنۡ یَّشَآءُ ۚ وَمَنۡ یُّشۡرِکۡ بِاللّٰہِ فَقَدِ افۡتَرٰۤی اِثۡمًا عَظِیۡمًا (النساء:49)

'തീർച്ചയായും അല്ലാഹു തന്നോടു (മറ്റൊന്നിനേയും) പങ്കു ചേർക്കുന്നത് പൊറുത്തുകൊടുക്കുകയില്ല. അതിനു പുറമെയുള്ളതിനെ താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ഏതൊരാൾ അല്ലാഹുവിനോടു വല്ലതിനേയും പങ്കു ചേർക്കുന്നുവോ, നിശ്ചയമായും കടുത്ത പാപമാണ് അവൻ കെട്ടിച്ചമയ്ക്കുന്നത്.'

(4:49)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ ഉപദേശം

### ജമാഅത്തോടുകൂടിയ നമസ്കാരത്തിന്റെ ശ്രേഷ്ഠത

☼ ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഇഖാമത്ത് നിങ്ങൾ കേട്ടാൽ നമസ്കാരത്തിലേക്ക് നിങ്ങൾ നടന്നുപോകുക(ഓടരുത്). നിങ്ങൾക്ക് ശാന്തതയും വണക്കവും നിർബന്ധമാണ്. നിങ്ങൾ ധിറുതിപ്പെടരുത്. നിങ്ങൾക്കു കിട്ടുന്ന റക്അത്ത് നമസ്കരിക്കുക. ബാക്കിയുള്ളത് പിന്നീട് പൂർത്തിയാക്കുക.' (ബുഖാരി കിതാബുൽ അദാൻ, ബാബു ലാ യസ്ആ ഇലസ്സ്വലാത്തി)

☼ ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹുവിനെക്കൊണ്ടു സത്യം. ഞാൻ ഇപ്രകാരം ഉദ്ദേശിച്ചു. ഞാൻ കുറച്ചു വിറകു ശേഖരിക്കാൻവേണ്ടി കല്പിക്കുക. പിന്നീട് നമസ്കരിക്കാൻ കല്പിക്കുക. നമസ്കാരത്തിന് ബാങ്ക് കൊടുക്കുക. എന്നിട്ട് ഒരാളെ വിളിച്ച് ജനങ്ങൾക്ക് ഇമാമായിനിന്ന് നമസ്കരിപ്പിക്കാൻ കല്പിക്കുക. അനന്തരം ചിലയാളുകളുടെ വീടുകളിലേക്ക് ഞാൻ പുറപ്പെടുക. എന്നിട്ട് ജമാഅത്തിന് വരാത്ത ആ ആളുകളോടുകൂടി അവരുടെ ആ വീടുകൾ കത്തിച്ചുകളയുക. എന്റെ ആത്മാവിനെ നിയന്ത്രിക്കുന്ന അല്ലാഹുവിനെക്കൊണ്ടു സത്യം. അവരിൽ വല്ലവർക്കും മാംസത്തിന്റെ അംശങ്ങൾ അവശേഷിച്ചിട്ടുള്ള ഒരെല്ലോ അല്ലെങ്കിൽ ആടിന്റെ നല്ല രണ്ടു കുളമ്പോ കിട്ടുമെന്ന് അവർ പ്രതീക്ഷിച്ചെങ്കിൽ അവർ ഇശാഅ് നമസ്കാരത്തിന് ഹാജരാകുമായിരുന്നു.'(ബുഖാരി കിതാബുൽ അദാൻ, ബാബു വജൂബുസ്സ്വലാത്ത് വൽ ജമാഅത്തി)

☼ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ജമാഅത്ത് നമസ്കാരത്തിന് ഒറ്റയ്ക്കു നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തേഴിരട്ടി കൂടുതൽ പുണ്യമുണ്ട്.' (ബുഖാരി കിതാബുൽ അദാൻ, ബാബു ഫള്ലു സ്വലാത്തുൽ ജമാഅത്തി)

## ഈ ലക്കത്തിൽ

ഖുത്വ്ബ ജുമുഅ 2020 ജൂലായ് 17 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

ഹുദൂറിന്റെ കത്ത്

**മലീമസമായ വിശ്വാസാദർശങ്ങളിൽനിന്നും ചീത്തയായ കാര്യങ്ങളിൽനിന്നും കാലിയാകാത്തിടത്തോളം മനുഷ്യൻ 'സ്വാലിഹ്' എന്ന് പറയപ്പെടുകയില്ല. പിന്നീട് കർമങ്ങളും ഫസാദിൽനിന്ന് കാലിയാകണം.**

**അമിതവ്യയം ചെയ്യുന്നവൻ തന്റെ ധനം പാഴാക്കിക്കളയുന്നു. എന്നാൽ, ദൈവമാർഗത്തിൽ ചെലവഴിക്കുന്നവൻ അത് വീണ്ടും പ്രാപിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

'അൽഅസ്വ്ർ എന്ന അധ്യായത്തിൽ രണ്ടു പരമ്പരയെ കുറിച്ച് പറഞ്ഞിരിക്കുന്നു. ഒന്നു അബ്റാറിന്റേ(സജ്ജനങ്ങളുടേ)യും അഖ്യാറിന്റേ(ഉത്തമന്മാരുടേ)യും പരമ്പര. രണ്ടാമത്തേത് കുഫ്ഫാറിന്റേയും ഫുജ്ജാറിന്റേയും പരമ്പര. കുഫ്ഫാറിന്റേ(അവിശ്വസികളുടേ)യും ഫുജ്ജാറിന്റേ(ദുർമാർഗികളുടേ)യും പരമ്പരയെ കുറിച്ച് ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. **ഇന്നൽ ഇൻസാന ലഫീ ഖുസ്രിൻ**(103:4).(മനുഷ്യൻ നഷ്ടത്തിൽത്തന്നെയാണ്). രണ്ടാമത്തെ പരമ്പരയെ ഇങ്ങനെ വേർപെടുത്തിയിരിക്കുന്നു. **ഇല്ലല്ലദീന ആമനൂ വ അമിലുസ്സ്വാലിഹാത്തി**(103:4)(സത്യത്തിൽ വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരൊഴികെ). അതായത് ഒരു വിഭാഗം നഷ്ടപ്പെട്ടവരിലുള്ളവരാണ്. എന്നാൽ, നഷ്ടപ്പെട്ടവരിൽ സത്യവിശ്വാസികളും സൽകർമകാരികളുമില്ല. 'ഫസാദി'ന്റെ പേരും അടയാളവുംപോലുമില്ലാത്ത സ്ഥലത്താണ് 'സ്വലാഹ് '(നന്മ) എന്ന പദം വരുന്നതെന്നോർക്കുക. മലീമസമായ വിശ്വാസാദർശങ്ങളിൽനിന്നും ചീത്തയായ കാര്യങ്ങളിൽനിന്നും കാലിയാകാത്തിടത്തോളം മനുഷ്യൻ 'സ്വാലിഹ് ' എന്ന് പറയപ്പെടുകയില്ല. പിന്നീട് കർമങ്ങളും ഫസാദിൽനിന്ന് കാലിയാകണം. മുത്തഖി എന്ന പദം 'ബാബു ഇഫ്തിആലിൽ' നിന്നാണ് വരുന്നത്. ഈ ബാബ് വരുന്നത് 'തസ്വന്നഅ് 'നു വേണ്ടിയാണ്. മുത്തഖിക്ക് വലിയ മുജാഹദയും കഠിനാധ്വാനവും ചെയ്യേണ്ടിവരുമെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. ആ അവസ്ഥയിൽ അവൻ ലവ്വാമ അഥവാ സ്വയംശാസാകാത്മാവിനു വിധേയനായിരിക്കുന്നു. മൃഗതുല്യമായ ജീവിതം നയിക്കുമ്പോൾ അമ്മാറ അഥവാ ദോഷപ്രവണമായ ആത്മാവിനു വിധേയനായിരിക്കും. മുജാഹദയുടെ അവസ്ഥയിൽനിന്ന് പുറത്തുചാടി അതിനെ അതിജയിക്കുമ്പോൾ മുത്വ്മഇന്ന അഥവാ ശാന്തി പ്രാപിച്ച അവസ്ഥയിലായിരിക്കും. മുത്തഖി ദോഷപ്രവണമായ ആത്മാവിൽനിന്ന് പുറത്തുചാടി വരികയും 'ലവ്വാമ' അഥവാ സ്വയംശാസകാത്മാവിന് വിധേയനായിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് മുത്തഖിയുടെ മഹിമയിൽ നമസ്കാരം നിലനിറുത്തുന്നുവെന്ന് വന്നിട്ടുള്ളത്. അതായത് അതിലും ഒരു തരത്തിലുള്ള പോരാട്ട അവസ്ഥ ഉണ്ടാകുന്നുണ്ട്. ദുർബോധനങ്ങളും സംശയങ്ങളും വന്ന്വന്ന് അത്ഭുതപ്പെടുത്തുന്നു. എന്നാൽ, പരിഭ്രമിക്കുകയില്ല. ഈ ദുർബോധനങ്ങൾക്ക് അവനെ ക്ഷീണിപ്പിക്കാനും കഴിയുകയില്ല. അവൻ ആവർത്തിച്ച് അല്ലാഹുവിനോടു സഹായം തേടുന്നു. അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കുകയും മുറവിളി കൂട്ടുകയും ചെയ്യുന്നു: അങ്ങനെ വിജയം വരിക്കുന്നു. ഇപ്രകാരംതന്നെ ധനം ചെലവഴിക്കുന്നതിൽനിന്നും ശയ്ത്വാൻ അവനെ തടയുന്നു. അമിതവ്യയത്തേയും ദൈവമാർഗത്തിലുള്ള വ്യയത്തേയും ഒരുപോലെ കാണിക്കുന്നു. വാസ്തവത്തിൽ അവ തമ്മിൽ ആകാശഭൂമികളുടെ വ്യത്യാസമുണ്ട്. അമി

(ശേഷം പേജ് 10ൽ)

## വിശുദ്ധ ഖുർആൻ നമസ്കരിക്കാൻ കൽപിച്ചിട്ടുള്ളിടത്തെല്ലാം ജമാഅത്തായ നമസ്കാരമാണ് കല്പിച്ചിട്ടുള്ളത്.

**ആരാണോ കാരണമൊന്നുംകൂടാതെ ജമാഅത്തായ നമസ്കാരം ഉപേക്ഷിക്കുന്നത്, അയാൾ വീട്ടിൽ നമസ്കരിച്ചാൽത്തന്നെയും അയാളുടേത് നമസ്കാരമാകുകയില്ല.**

ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു: 'ജമാഅത്തോടുകൂടിയ നമസ്കാരത്തിന്റെ ആവശ്യകത പൊതുവെ മുസ്ലിമീങ്ങൾ മറന്നുപോയിരിക്കുന്നു. മുസ്ലിമീങ്ങളുടെ ഭിന്നിപ്പിനും വിയോജിപ്പിനും ഇതൊരു വലിയ നിമിത്തമാണ്. അല്ലാഹു ഈ ആരാധനയിൽ ധാരാളം വ്യക്തിപരവും സാമൂഹികവുമായ ബർക്കത്തുകൾ വെച്ചിട്ടുണ്ട്. എന്നാൽ, ഖേദകരമെന്ന് പറയട്ടെ മുസ്ലിമീങ്ങൾ അതിനെ മറന്നുപോയി. വിശുദ്ധ ഖുർആൻ എവിടെയൊക്കെ നമസ്കരിക്കാൻ കല്പിച്ചുവോ അവിടെയൊക്കെ ജമാഅത്തായി നമസ്കരിക്കാനാണ് കല്പിച്ചിട്ടുള്ളത്. തനിച്ച് നമസ്കരിക്കാൻ ഒരിടത്തും പറഞ്ഞിട്ടില്ല. ഇതിൽനിന്ന് മനസ്സിലാകുന്നത് ജമാഅത്തായ നമസ്കാരം ദീനിന്റെ അടിസ്ഥാന കാര്യങ്ങളിൽപ്പെട്ടതാണെന്നാണ്. എന്നല്ല വിശുദ്ധ ഖുർആനിലെ ആയത്തുകളെ കണ്ടുകൊണ്ട് എപ്പോഴെല്ലാം നമസ്കരിക്കാൻ കല്പനയുണ്ടായിട്ടുണ്ടോ ജമാഅത്തായി നമസ്കരിക്കുക എന്ന പദങ്ങളിലാണുണ്ടായിട്ടുള്ളത്. വ്യക്തമായ നിലയിൽ വിശുദ്ധ ഖുർആന്റെ പക്കൽ ജമാഅത്തായി നമസ്കരിക്കുമ്പോൾ മാത്രമാണ് യഥാർഥത്തിൽ നമസ്കാരം നിർവഹിക്കപ്പെടുന്നത്; അസഹ്യമായി എന്തെങ്കിലും നിർബന്ധിതാവസ്ഥ ഉണ്ടായാലൊഴികെ. അതിനാൽ ആരെങ്കിലും രോഗിയോ അല്ലെങ്കിൽ താമസസ്ഥലത്തിന് വെളിയിലോ അല്ലെങ്കിൽ മറവി ഉണ്ടാകുകയോ അല്ലെങ്കിൽ മറ്റു മുസ്ലിമീങ്ങളാരും ഇല്ലാതിരിക്കുകയോ ചെയ്താലൊഴികെ ആരാണോ ജമാഅത്തായ നമസ്കാരം ഒഴിവാക്കുന്നത്- അയാൾ വീട്ടിൽ നമസ്കരിക്കുകയാണെങ്കിൽത്തന്നെയും- അയാളുടേത് നമസ്കാരമാകുകയില്ല. അയാൾ നമസ്കാരം ഉപേക്ഷിച്ചവനായി മനസ്സിലാക്കപ്പെടുന്നതായിരിക്കും.

വിശുദ്ധ ഖുർആനിൽ എവിടെയൊക്കെ നമസ്കരിക്കാൻ കല്പിച്ചിട്ടുണ്ടോ **അഖീമുസ്സ്വലാത്ത** എന്ന പദങ്ങളിലാണ് വന്നിട്ടുള്ളത്. ഒരിടത്തും വെറും 'സ്വല്ലൂ' എന്ന പദം ഉപയോഗിച്ചിട്ടില്ല. ഇത് ഫർള് നമസ്കാരം ജമാഅത്തോടുകൂടി നിർവഹിക്കുക എന്ന കല്പനയ്ക്ക് വ്യക്തമായ തെളിവാണ്. ജമാഅത്തോടുകൂടി അല്ലാത്ത നമസ്കാരം നിർബന്ധിതാവസ്ഥയിൽ

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

**ഹോശിയാർപൂരിലെ ആര്യ സമാജത്തിന്റെ അംഗമായ ലാലഃ മുരളീധർ സാഹിബിന് നൂറു രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി. ദൈവത്തെ കണ്ടുമുട്ടുന്നതിനേയും ആത്മീയാനുഭൂതികളേയും സംബന്ധിച്ച് കൂടുതൽ പറഞ്ഞിട്ടുള്ളത് ഖുർആനിലോ വേദത്തിലോ?**

ഖാദിയാനിലെ ഹിന്ദുക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അടയാളം കാണിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ അല്ലാഹു ആ മഹാത്മാവിനോടു വെളിപാടുമുഖേന പറഞ്ഞു: ഈ കുരുക്ക് അഴിക്കുന്നതിനുള്ള പരിഹാരം ഹോശിയാർപൂരിൽ പ്രദാനം ചെയ്യപ്പെടുന്നതായിരിക്കും. അതായത് അടയാളം കാണാൻ ആഗ്രഹിക്കുന്ന എതിരാളികൾക്കുള്ള അടയാളം ഹോശിയാർപൂരിൽ താങ്കൾക്ക് നല്കപ്പെടുന്നതായിരിക്കും. അങ്ങനെ 1886 ജനുവരി 22 ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹോശിയാർപൂരിലേക്ക് പുറപ്പെട്ടു. 40 ദിവസംവരെ അവിടന്ന് തികച്ചും ഏകനായി അല്ലാഹുവിനോടുള്ള ആരാധനയിൽ മുഴുകി. അപ്പോൾ അല്ലാഹു അദ്ദേഹത്തിന് മഹാനായൊരു പരിവർത്തനകാരി നല്കപ്പെടുന്നതിനെ സംബന്ധിച്ച്സുവാർത്ത നല്കി. ആ ദിവ്യാത്മാവ് 1886 ഫെബ്രുവരി 20 ന് മുസ്ലിഹ് മൗഊദിനെ(വാഗ്ദത്ത പരിവർത്തനകാരിയെ) കുറിച്ച് പ്രവചനം പ്രസിദ്ധീകരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹോശിയാർപൂരിലായിരുന്നപ്പോൾ ഡ്രോയിംഗ് മാസ്റ്ററും ഹോശിയാർപൂർ ആര്യ സമാജത്തിലെ അംഗവുമായ ലാലഃമുരളീധർ സാഹിബ് നേരിട്ട് വന്ന് താൻ ഇസ്ലാമികാധ്യാപനങ്ങളെ കുറിച്ച് ചില ചോദ്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ സന്തോഷത്തോടെ അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ചു. പക്ഷേ, പറഞ്ഞു: ഓരോ കക്ഷിയിൽനിന്നും ചോദ്യങ്ങൾ അവതരിപ്പിക്കപ്പെടേണ്ടതാണ്; ആരെങ്കിലും ഈ ചോദ്യോത്തരങ്ങൾ വായിക്കുകയാണെങ്കിൽ അയാൾക്ക് ഇരുമതങ്ങളേയും പരിശോധിക്കുന്നതിനും ഉരച്ചുനോക്കുന്നതിനും അവസരം കിട്ടണം. അങ്ങനെ ഇരുകക്ഷികളുടേയും സമ്മതത്തോടെ 1886 മാർച്ച് 11നും 14നും രണ്ടുദിവസം സംവാദം നടത്താമെന്ന് തീരുമാനിച്ചു. മറുപടിക്കുള്ള മറുപടിയും, അതിനുള്ളമറുപടിയും കഴിയുംവരെ സംവാദം നടക്കണമെന്നും അതിനുമുമ്പേ നിറുത്താൻ പാടില്ലെന്നും നിശ്ചയിക്കപ്പെട്ടു.

1886 മാർച്ച് 11ന് രാത്രി നടന്ന യോഗത്തിൽ മറുപടിക്കുള്ള മറുപടിയുടെ നേരം വന്നപ്പോൾ മാസ്റ്റർ സാഹിബ് രാത്രി ഒരുപാടായിരിക്കുന്നുവെന്ന് ഒഴികഴിവ് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഹാജരായിട്ടുള്ളവരും പലവട്ടം, സമയം അത്ര അധികമൊന്നുമായിട്ടില്ലെന്നും ഇത് എല്ലാവർക്കും ഒരുപോലെ ബാധകമാണെന്നും പറഞ്ഞുവെങ്കിലും മാസ്റ്റർ സാഹിബിൽ അത് ഒരു സ്വാധീനവും ചെലുത്തിയില്ല. അവസാനം സന്നിഹിതരായിട്ടുള്ളവരുടെ മുമ്പിൽ ഇതിനുള്ള മറുപടി തീർച്ചയായും എഴുത്തുമുഖേന നടത്തണമെന്ന കാര്യം വെക്കപ്പെട്ടു. മാസ്റ്റർ മുരളീധർ സാഹിബ് ഈ നേരത്ത് ഇതൊഴിവാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ തീർച്ചയായും സ്വന്തംനിലയിൽ ലഘുലേഖയോടൊപ്പം ഈ മറുപടി ഉൾപ്പെടുത്തുന്നതായിരിക്കും. മുരളീധർ സാഹിബ് സ്വമേധയാലോ നിർബന്ധത്താലോ ലഘുലേഖയിൽ ഉൾപ്പെടുത്തിക്കൊള്ളാൻ സമ്മതിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ആ യോഗത്തിൽ അതെഴുതി അവതരിപ്പിക്കുക എന്നത് അദ്ദേഹത്തിന് വളരെ അസഹ്യമായി അനുഭവപ്പെട്ടു. ഇക്കാരണത്താൽ അദ്ദേഹം ഒട്ടും താമസിയാതെ എഴുന്നേറ്റുപോയി. ആ നേരത്ത് മറുപടിക്കുള്ള മറുപടി അവതരിപ്പിക്കുകയാണെങ്കിൽ തനിക്ക് എന്തെന്തല്ലാം നാണക്കേടു സഹിക്കേണ്ടിവരുമെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു.'(സുർമ ചശ്മ ആര്യ, റൂഹാനീ ഖസാഇൻ വാള്യം 2 പേജ് 54)

അടിക്കുറിപ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മിയാൻ ശത്രുഘ്നൻ സാഹിബ്* പല പ്രാവശ്യവും മാസ്റ്റർ സാഹിബിനോടു മറുപടിക്കുള്ള മറുപടി എഴുതാനും തങ്ങൾ സന്തോഷത്തോടെ ഇരുന്നുകൊള്ളാമെന്നും അപേക്ഷിച്ചു. ഞങ്ങൾക്ക് ഒരു വിധത്തിലുള്ള ബുദ്ധിമുട്ടുമില്ല. മറിച്ച് മറുപടി കേൾക്കാൻ അതീവ താൽപര്യമാണുള്ളത്' എന്നും പറഞ്ഞു. ഇപ്രകാരംതന്നെ പല ഹിന്ദുക്കളും ഈ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ, മാസ്റ്റർ സാഹിബ് എന്തെല്ലാമോ വിചാരിച്ച് ആരു പറഞ്ഞതും കേൾക്കാതെ എഴുന്നേറ്റുപോയി.'(Ibid പേജ് 55 അടിക്കുറിപ്പ്)

യോഗത്തിന്റെ അവസ്ഥയും ഏതാണ്ട് അങ്ങനെതന്നെയാകുകയും ചെയ്തു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽതന്നെ കേൾക്കുക. അവിടന്ന് പറയുന്നു: 'രണ്ടാമത്തെ യോഗം 1886 മാർച്ച് 14 ന് പകൽ ഹോശിയാർപൂരിലെ ബഹുമാന്യ നേതാവായ ശെയ്ഖ് മെഹർ അലി സാഹിബിന്റെ വീട്ടിലായിരുന്നു....... ഒന്നാമതായി നിബന്ധനയനുസരിച്ച് ഈ വിനീതന്റെ ഭാഗത്തുനിന്ന് ഒരു ആക്ഷേപം എഴുതി അവതരിപ്പിക്കപ്പെട്ടു. അതിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു, ദൈവത്തിന്റെ സൃഷ്ടിപ്പിനെ നിഷേധിക്കുകയും പിന്നീട് അതിന്റെ നിർബന്ധത്താൽ അനശ്വരമായ മോക്ഷത്തെ നിഷേധിക്കുകയും ചെയ്യുക എന്ന ആര്യ സമാജക്കാരുടെ അടിസ്ഥാന സിദ്ധാന്തംകൊണ്ട് ദൈവത്തിന്റെ തൗഹീദും റഹ്മത്തും (ഏകദൈവവിശ്വാസവും ദൈവകാരുണ്യവും)രണ്ടും അകന്നുപോകുന്നു. ഈ ആക്ഷേപം പൊതുയോഗത്തിൽ കേൾപ്പിക്കപ്പെട്ടപ്പോൾ മാസ്റ്റർ സാഹിബിനുമേൽ വല്ലാത്തൊരു അവസ്ഥ ഉണ്ടായി. ആ വിഷമസ്ഥിതി മാസ്റ്റർ സാഹിബിന്റെതന്നെ മനസ്സ് അറിഞ്ഞിട്ടുണ്ടാകും. അതുപോലെതന്നെ യോഗത്തിൽ ഹാജരായിരുന്ന ബുദ്ധിമാന്മാർക്കും ധിഷണാശാലികൾക്കും അത് പിടിയും കിട്ടുന്നുണ്ടായിരുന്നില്ല. അദ്ദേഹം വളരെ തന്ത്രപരമായി ഒന്നൊന്നര മണിക്കൂർവരെ ഈ ചോദ്യം 'ഒന്നല്ല രണ്ടാണെന്ന്' പറഞ്ഞുകൊണ്ടിരുന്നു. യഥാർഥത്തിൽ ഒരൊറ്റ ചോദ്യമാണെന്ന് മറുപടി പറയപ്പെട്ടു....അങ്ങനെ ഒരുപാട് മനസ്സിലാക്കികൊടുത്തതിനുശേഷം മാസ്റ്റർ സാഹിബ് കുറച്ചു മനസ്സിലാക്കുകയും മറുപടി എഴുതാൻ തുടങ്ങുകയും ചെയ്തു. മൂന്നു മണിക്കൂർവരെ ധാരാളം സമയം വിഷമത്തിനും ദ്വേഷത്തിനുംശേഷം ചോദ്യത്തിന്റെ ഒരു കഷണത്തിന് മറുപടി എഴുതി കേൾപ്പിച്ചു. ചോദ്യത്തിന്റെ രണ്ടാമത്തെ കഷണമായ മോക്ഷത്തെ കുറിച്ചുള്ള മറുപടി ഇങ്ങനെ നല്കി: 'ഇതിനുള്ള മറുപടി ഞാനെന്റെ വീട്ടിൽപോയി എഴുതി അയക്കുന്നതായിരിക്കും.' ഈ ഭാഗത്തുനിന്നാണെങ്കിൽ അത്തരം മറുപടി സ്വീകരിക്കുന്നത് നിഷേധിക്കപ്പെടുകയും ചെയ്തു. താങ്കൾക്ക് എന്താണോ എഴുതാനുള്ളത് ഈ യോഗത്തിൽ ഹാജരുള്ളവരുടെ മുമ്പിൽവച്ച് എഴുതുക. വീട്ടിലിരുന്നെഴുതണമെങ്കിൽ ഈ സംവാദത്തിന്റെ ആവശ്യമെന്തായിരുന്നു. എന്നാൽ, മാസ്റ്റർ സാഹിബ് സമ്മതിച്ചില്ല. എങ്ങനെ സമ്മതിക്കാനാണ്, ആ നേരത്ത് അദ്ദേഹത്തിന്റെ അവസ്ഥതന്നെ മറ്റൊന്നാകുകയായിരുന്നു. ഒരു തരത്തിലും മാസ്റ്റർ സാഹിബ് സമ്മതിക്കാതെ വന്നപ്പോൾ, എന്താണോ എഴുതിയത് അതിനു മറുപടി എഴുതാൻ അത് നമുക്ക് തരാൻ ആവശ്യപ്പെട്ടു. അതിനുള്ള മറുപടിയിൽ അദ്ദേഹം പറഞ്ഞു, 'ഇപ്പോൾ ഞങ്ങളുടെ സമാജ് ചേരുന്ന സമയമാണ്, ഇനി നമുക്ക് ഇരിക്കാൻ കഴിയില്ല.' അദ്ദേഹം പോകാനൊരുങ്ങിയപ്പോൾ അദ്ദേഹത്തോടു പറഞ്ഞു, 'താങ്കൾ ചെയ്തത് ശരിയല്ല. പരസ്പരം ചേർന്നെഴുതിയ നിബന്ധന താങ്കൾ ലംഘിച്ചിരിക്കുന്നു. താങ്കൾ പൂർണമായ മറുപടി എഴിതിയില്ലെന്നുമാത്രമല്ല, മറുപടിക്ക് മറുപടി എഴുതാൻ താങ്കൾ സമ്മതിക്കുന്നുമില്ല. ഈ മറുപടിക്കുള്ള മറുപടിയും സ്വയം എഴുതി ലഘുലേഖയിൽ ഉൾപ്പെടുത്തുന്നതായിരിക്കും.' ഇക്കാര്യം കേട്ടപാടെ മാസ്റ്റർ സാഹിബ് തന്റെ കൂട്ടുകാരോടൊപ്പം എഴുന്നേറ്റുപോയി. മാസ്റ്റർ സാഹിബിന്റെ ഈ എല്ലാ നടപടിയും എങ്ങനെയെങ്കിലും ഒഴിഞ്ഞുപോകുന്നതിനുള്ള ഒരു തന്ത്രമായിരുന്നുവെന്ന് അവിടെ സന്നിഹിതരായിരുന്നവർക്ക് നല്ലവണ്ണം മനസ്സിലായി."(Ibid പേജ് 54)

ഗ്രന്ഥം നോക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്വൈഭത്തിന്റേയും വാക്പാടവത്തിന്റേയും ശക്തമായ തെളിവുകളുടേയും എല്ലാ കാര്യങ്ങളും അടങ്ങിയ പ്രസംഗത്തിന്റേയും മുമ്പിൽ ലാല സാഹിബിന്റെ ഒന്നും വിലപ്പോയില്ലെന്ന് വ്യക്തമായും മനസ്സിലാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓരോ പ്രസംഗത്തിനുമെതിരിൽ വളരെ പ്രയാസപ്പെട്ട് അടിസ്ഥാനരഹിതവും അർഥമില്ലാത്തതുമായ തരത്തിലുള്ള രണ്ടുനാലു വരികളെഴുതി അവതരിപ്പിച്ച് ലാല സാഹിബ് തന്റെ ജീവൻ രക്ഷ

(ശേഷം പേജ് 10ൽ)

## അല്ലാഹുവിന്റെ വചനം

***"വിശ്വസിച്ചവരേ! അല്ലാഹുവിനെ അനുസരിക്കുക; അവന്റെ റസൂലിനേയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ ഏതെങ്കിലും ഒരു കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും നിങ്ങൾ മടക്കുക." (4:60)***

ത്വാലിബെ ദുആ
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഖുത്ബ ജുമുഅ

നബി(സ) തിരുമേനി പറഞ്ഞു: മുമ്പേ ഒരിക്കലും ഭൂമിയിൽ ഇറങ്ങാത്ത
എഴുപതിനായിരം മലക്കുകൾ സഅ്ദ് ബിൻ മുആദ്(റ)ന്റെ ജനാസയിൽ പങ്കെടുത്തു.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ബദ്‌രീ സ്വഹാബിയും ഇസ്‌ലാമിന്റേയും ഇസ്‌ലാം മതസ്ഥാപകന്റേയും അങ്ങേയറ്റത്തെ പ്രേമിയും ഔസ് ഗോത്രത്തിന്റെ ഉന്നതനേതാവും ആത്മാർഥനും നബി(സ)തിരുമേനിയിൽ അനുരക്തനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ പരിശുദ്ധമായ ജീവിതചരിത്ര വിവരണം.

പ്രാരംഭകാലത്ത് ഇസ്‌ലാമിൽ വിശ്വസിക്കുകയും മക്കയിലെ ജീവിതകാലത്ത് ബുദ്ധിമുട്ടുകൾ സഹിക്കുകയും നബി(സ)തിരുമേനിക്ക് കാവൽ നില്ക്കാൻ ഭാഗ്യം ലഭിക്കുകയും ഇസ്‌ലാം ദീനിന്റേയും ഖിലാഫത്തിന്റേയും ആത്മാഭിമാനിയും ധീരനായ അശ്വഭടനും ദുആകൾക്ക് ഉത്തരം ലഭിച്ച ദേഹവുമായ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ സ്തുത്യർഹമായ ജീവിതചരിത്ര വിവരണം.

റബ്‌വയിലെ മാസ്റ്റർ അബ്ദുസ്സമീഅ് ഖാൻ സാഹിബ് കാട്ട്ഗഡി, ലണ്ടനിലെ സയ്യിദ് മുജീബുല്ലാഹ് സ്വാദിഖ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും അവരുടെ ജനാസ ഗാഇബ് നമസ്കാരത്തോടൊപ്പം ജമാഅത്തിന്റെ പഴയകാല സേവകനും അസീറാനെ രാഹെ മൗലായുമായ റാണ നഈമുദ്ദീൻ സാഹിബിന്റെ ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ജൂലായ് 17/1399 വഫാ 17**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നെ കുറിച്ചായിരുന്നു വിവരിച്ചുകൊണ്ടിരുന്നത്. അഹ്സാബ് യുദ്ധത്തേയും ഹദ്റത്ത് സഅ്ദ് ബിൻ മുആദിനേയും പരാമർശിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് ജീവനഷ്ടം അധികമുണ്ടായില്ല. അതായത് അഞ്ചോ ആറോ പേർ മാത്രമേ ശഹീദായിരുന്നുള്ളു. എന്നാൽ, ഔസ് ഗാത്രത്തിന്റെ തലവനായ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന് ഗുരുതരമായ പരിക്കേറ്റു. പിന്നീട് അത് സുഖമായില്ല. ഈ നഷ്ടം മുസ്‌ലിമീങ്ങൾക്ക് നികത്താൻപറ്റാത്ത നഷ്ടമായിരുന്നു. സത്യനിഷേധികളുടെ സൈന്യത്തിൽ വെറും മൂന്ന് പേരാണ് വധിക്കപ്പെട്ടത്. പക്ഷേ, ഈ യുദ്ധത്തിൽ ഖുറയ്ശികൾക്ക് പിന്നീടൊരിക്കലും മുസ്‌ലിമീങ്ങൾക്കെതിരിൽ ഇങ്ങനെ സൈന്യത്തെ സംഘടിപ്പിച്ച് പുറപ്പെടാനും അല്ലെങ്കിൽ മദീനയുടെമേൽ ആക്രമണം നടത്താനുമുള്ള തന്റേടം ഉണ്ടാകാത്തവിധത്തിലുള്ള ആഘാതമാണുണ്ടായത്. നബി(സ) തിരുമേനിയുടെ പ്രവചനം അക്ഷരംപ്രതി പുലർന്നു.(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ്: 595)

കഴിഞ്ഞ ഖുത്ബയിലും പറഞ്ഞുകഴിഞ്ഞതുപോലെ അവിടന്ന് പറഞ്ഞിരുന്നു: 'നമ്മുടെമേൽ ആക്രമണം നടത്താൻ സത്യനിഷേധികൾക്ക് തന്റേടമുണ്ടാകുകയില്ല.' ഹദ്റത്ത് സഅ്ദ് ബിൻ മുആദിന് ഖൻദഖ് യുദ്ധത്തിൽ കൈയിലെ മണിക്കെട്ടിൽ പരിക്കേറ്റു. അതുമുഖേനയാണ് അദ്ദേഹം ശഹീദായത്. ഹദ്റത്ത് ആഇശാ(റ) വിവരിക്കുന്നു. ഖൻദഖ് യുദ്ധദിവസം ഞാൻ പുറത്തിറങ്ങി ആളുകളുടെ കാൽപാദം നോക്കി നടക്കുകയായിരുന്നു. ഞാൻ പിന്നിൽനിന്ന് സാവധാനം നടക്കുന്ന ശബ്ദം കേട്ടു. ഞാൻ തിരിഞ്ഞുനോക്കി. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) തന്റെ സഹോദരപുത്രൻ ഹാരിഥ് ബിൻ ഔസിന്റെകൂടെ പരിച എടുത്തിട്ടുണ്ടായിരുന്നു. ഞാൻ താഴെയിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ് (റ) എന്റെ അടുത്തുകൂടെ യുദ്ധഗാനമാലപിച്ചുകൊണ്ട് കടന്നുപോയി.

ലബ്ബിഥ് ഖലീലൻ യുദ്‌രിക്കുൽ ഹയ്ജാ ഹമൽ
മാ അഹ്സനൽമൗത്താ ഇദാ ഹാനൽ അജൽ

അല്പം കാത്തിരിക്കുക. ഹാനൽ യുദ്ധത്തിൽ പങ്കെടുക്കുന്നതുവരെ. മരണം എത്ര നല്ലതാണ് നിശ്ചിത സമയം വന്നുകഴിയുമ്പോൾ.

ഹദ്റത്ത് ആഇശാ(റ) പറയുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന്റെ ശരീരത്തിൽ ഒരു പടയങ്കി ഉണ്ടായിരുന്നു. ഇതുകാരണത്താൽ അദ്ദേഹത്തിന്റെ ഇരുവശങ്ങളും വെളിയിലായിരുന്നു. അതായത് ശരീരം തടിച്ചകാരണത്താൽ, വിസ്താരമുള്ളതായ കാരണത്താൽ അതുമുഖേന വെളിയിലായി. പറയുന്നു: ഇതുകണ്ടപ്പോൾ ഹദ്റത്ത് സഅ്ദിന്റെ ഇരുവശങ്ങളിലും പരിക്കേൽക്കുമോ എന്ന ആശങ്കയുണ്ടായി. കാരണം അത് പടയങ്കിക്ക് പുറത്താണ്. സഅ്ദ് ബിൻ മുആദ് പൊക്കമുള്ളതും ശരീരബലമുള്ളതുമായവരിൽപെട്ടയാളായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 322, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നെ പരിക്കേല്പിച്ചത് 'ഇബ്നു അരിഖ' ആയിരുന്നു. ഇബ്നു അരിഖയുടെ പേര് ഹബ്ബാൻ ബിൻ അബ്ദുമനാഫ് എന്നായിരുന്നു. ബനു ആമിർ ബിൻ ലുവയ്യ് ഗോത്രവുമായിട്ടായിരുന്നു അയാളുടെ ബന്ധം. 'അരിഖ' അയാളുടെ മാതാവിന്റെ പേരായിരുന്നു. (അൽ ഇസ്വാബാ ഫീ തമീസിസ്സ്വഹാബലി ഇബ്നി ഹജർ അസ്ഖലാനി, വാല്യം 3, പേജ് 71. സഅ്ദ് ബിൻ മുആദ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2005)

ഹദ്റത്ത് ജാബിർ(റ)നിവേദനം. അദ്ദേഹം പറയുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ ഭുജത്തിന്റെ ഞരമ്പിൽ അമ്പ് തറച്ചു. അപ്പോൾ നബി(സ)തിരുമേനി തന്റെ കൈകൊണ്ട് അമ്പിന്റെ മുനയെടുത്ത് ഫൽകൊണ്ട് പിന്നീട് അതിനെ മുറിച്ച് മരുന്നുവെച്ചു. ആ മുറിവിന്റെ തൊലി മുറിച്ച് ചൂട് വെച്ചു. പിന്നീടത് വീർത്തു. അവിടന്ന് അത് വീണ്ടും മുറിച്ച് വീണ്ടും ചൂടുവെച്ചു. അമ്പിന്റെ മുന തറച്ചുണ്ടായ മുറിവ് മുറിക്കുകയും വീണ്ടും ചൂട് വെക്കുകയും ചെയ്തു. (സ്വഹീഹ് മുസ്‌ലിം, കിതാബുസ്സലാം, ബാബു ലികുല്ലി ദാഇൻ ദവാഇൻ വസ്തിഹ് ബാബിത്തദാവീ, ഹദീഥ് 2208)

ഹദ്റത്ത് ആഇശാ(റ) പറയുന്നു: അന്യാരാധകരിൽപെട്ട ഇബ്നു അരിഖ, ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നുനേരെ അമ്പെയ്യുകയായിരുന്നു. അയാൾ ഒരു അമ്പെയ്തുകൊണ്ടു പറഞ്ഞു: 'ഇതെടുത്തോ ഞാൻ ഇബ്നു അരിഖയാകുന്നു.' ആ അമ്പ് സഅ്ദ് ബിൻ മുആദ്(റ)ന്റെ ഭുജത്തിലെ ഞരമ്പിൽ തറച്ചു. പരിക്കേറ്റപ്പോൾ സഅ്ദ് അല്ലാഹുവിനോട് ഈ ദുആ ചെയ്തു: 'അല്ലാഹുവേ! ബനൂഖുറയ്ളായെ കുറിച്ച് അവർ പരാജിതരായി ഞാൻ സംതൃപ്തനാകുന്നതുവരെ നീ എന്നെ മരിപ്പിക്കരുതേ. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 322, സഅ്ദ് ബിൻ മുആദ്(റ), ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, ലബ്നാൻ 1990)

ഹദ്റത്ത് ആഇശാ(റ) നിവേദനം. ഖൻദഖ് യുദ്ധദിവസം ഹദ്റത്ത് സഅ്ദിന് മുറിവേറ്റു. ഖുറയ്ശികളിലെ ഒരാളായ ഹബ്ബാൻ ബിൻ അരിഖാനാണ് അദ്ദേഹത്തിന്റെ മണിക്കണ്ടത്തിൽ അമ്പെയ്തത്. നബി(സ)തിരുമേനി, അദ്ദേഹത്തെ അടുത്തുനിന്ന് ശുശ്രൂഷിക്കുന്നതിന് മസ്ജിദിൽ അദ്ദേഹത്തിനുവേണ്ടി ഒരു കൂടാരം നാട്ടി.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 325, സഅ്ദ് ബിൻ മുആദ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് ആഇശാ(റ) പറയുന്നു: ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന്റെ മുറിവ് ഉണങ്ങി സുഖപ്പെടാൻ തുടങ്ങിയപ്പോൾ അദ്ദേഹം ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹുവേ നിന്റെ ദൂതനെ നിഷേധിക്കുകയും പുറത്താക്കുകയും ചെയ്ത

ഈ സമൂഹത്തിനെതിരെ നിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതിലുപരി എനിക്ക് മറ്റൊന്നും പ്രിയപ്പെട്ടതായി ഇല്ലെന്ന് നിനക്കറിയാം. അല്ലാഹുവേ നീ അവർക്കും ഞങ്ങൾക്കുമിടയിലുള്ള യുദ്ധം അവസാനിപ്പിച്ചിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഖുറയ്ശികളുമായുള്ള യുദ്ധം ഇനിയും അവശേഷിക്കുന്നുവെങ്കിൽ അവരോടേറ്റുമുട്ടുന്നതിനും നിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നതിനും വേണ്ടി എന്നെ നീ ജീവിപ്പിക്കേണമേ. അഥവാ ഞാൻ ചിന്തിച്ചതുപോലെ ഞങ്ങൾ തമ്മിലുള്ള യുദ്ധം അവസാനിപ്പിച്ചിരിക്കുന്നുവെങ്കിൽ എന്റെ ഞരമ്പുകൾ നീ തുറക്കുകയും ഈ മുറിവ് എന്റെ ശഹാദത്തിനു കാരണമാക്കിത്തീർക്കുകയും ചെയ്യേണമേ.' ഹദ്റത്ത് ആഇശാ(റ) പറയുന്നു: അന്നു രാത്രി തന്നെ മുറിവ് പൊട്ടി രക്തമൊഴുകുവാൻ തുടങ്ങി. മസ്ജിദ് നബ്‌വിയിൽ ഗഫ്ഫാർ ഗോത്രത്തിലെ ആളുകൾ കൂടാരത്തിലുണ്ടായിരുന്നു. രക്തമൊഴുകി അവരുടെ അടുത്തെത്തിയപ്പോൾ അവർ ഭയപ്പെട്ടു. ആളുകൾ പറഞ്ഞു: കൂടാരത്തിലുള്ളവരേ! നിങ്ങളിൽനിന്ന് ഞങ്ങളുടെ അടുത്തെത്തിയിട്ടുള്ള ഈ രക്തം എങ്ങനെയുള്ളതാണ്? സഅ്ദിന്റെ മുറിവിൽനിന്ന് രക്തം ഒഴുകുന്നതാണ് അവർ കണ്ടത്. അതു മുഖേനയാണ് അദ്ദേഹം വഫാത്തായത്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം: ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ രക്തം ഒഴുകാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റു അദ്ദേഹത്തിന്റെ അടുത്തേക്ക് പോയി. അദ്ദേഹത്തെ തന്നോടു ചേർത്തുപിടിച്ചു. രക്തം നബി(സ)തിരുമേനിയുടെ മുഖത്തും താടിയിലും പറ്റുന്നുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ ശരീരത്തിൽ രക്തം പറ്റാതിരിക്കാൻവേണ്ടി ആളുകൾ ശ്രമിക്കുമ്പോൾ അവിടന്ന് കൂടുതൽ അദ്ദേഹത്തിന്റെ അടുത്തേക്ക് അടുക്കുകയായിരുന്നു. ആ നിലയിൽ സഅ്ദ് വഫാത്തായി.'

മറ്റൊരു നിവേദനത്തിലുണ്ട്, ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ മുറിവ് പൊട്ടി. നബി(സ)തിരുമേനി അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അടുത്തുവന്നു. അദ്ദേഹത്തിന്റെ ശിരസ്സ് സ്വന്തം മടിയിൽ വച്ചു. അദ്ദേഹത്തെ വെള്ളപ്പുതപ്പുകൊണ്ട് മൂടി. അതിനുശേഷം ദുആ ചെയ്തു: 'അല്ലാഹുവേ! സഅ്ദ് നിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തു. നിന്റെ റസൂലിനെ സാക്ഷ്യപ്പെടുത്തി. അങ്ങനെ അദ്ദേഹത്തിന്റെ ബാധ്യത അദ്ദേഹം നിറവേറ്റി. അതുകൊണ്ട് അല്ലാഹുവേ നീ ഏറ്റവും ഉത്തമമായ നിലയിൽ ഒരാത്മാവിനെ സ്വീകരിക്കുന്നപോലെ അദ്ദേഹത്തിന്റെ ആത്മാവിനെയും സ്വീകരിച്ചാലും.' സഅ്ദിന് അപ്പോൾ അല്പം ബോധമുണ്ടായിരുന്നു. മരണത്തോടു അടുക്കുകയായിരുന്നു. ഹദ്റത്ത് സഅ്ദ്(റ), നബി(സ)തിരുമേനിയുടെ വാക്കുകൾ കേട്ടപ്പോൾ കണ്ണു തുറന്നു. എന്നിട്ടു പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയ്ക്ക് സലാം. അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്നു ഞാൻ സാക്ഷ്യം വഹിക്കുന്നു.' നബി(സ)തിരുമേനി സഅ്ദിന്റെ ശിരസ് തന്റെ മടിയിൽ വെച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ വീട്ടുകാർ കണ്ടപ്പോൾ അവർ പേടിച്ചുപോയി. ഇതുസംബന്ധിച്ച് നബി(സ)തിരുമേനിയോടു പറഞ്ഞപ്പോൾ നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്തു: നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ ഈ നേരത്ത് എത്രത്തോളം വീട്ടിലുണ്ടോ അത്രയുമധികം എണ്ണത്തിൽ മലക്കുകൾ ഹദ്റത്ത് സഅ്ദിന്റെ മരണസമയത്ത് ഹാജരുണ്ടാകണേ എന്ന് ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 325–326, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, ലബ്നാൻ 1990)

ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനിക്ക് നേർത്ത പട്ടു കൊണ്ടുള്ള നീളമുള്ള ഒരു ജുബ്ബ സമ്മാനം നല്കപ്പെട്ടു. പട്ടുവസ്ത്രം ധരിക്കുന്നത് അവിടന്ന് വിരോധിക്കാറുണ്ടായിരുന്നു. ആ വസ്ത്രം കണ്ട് ആളുകൾ അത്ഭുതപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: 'ഏതൊരുവന്റെ കൈയിലാണോ മുഹമ്മദിന്റെ ജീവനുള്ളത് അവനാണ! സഅദ്ബിൻ മുആദിന്റെ റൂമാൽ സ്വർഗത്തിൽ ഇതിനേക്കാൾ കൂടുതൽ ഭംഗിയുള്ളതായിരിക്കും.' ഇത് ബുഖാരിയിലെ ഹദീഥാണ്. (സ്വഹീഹ് ബുഖാരി കിതാബുൽ ഹദിയ്യ, ബാബു ഖബൂലിൽ ഹദിയ്യത്തി മിനൽമുശ്‌രിക്കീന, ഹദീഥ് 2615)

അവർ നബിയുടെ കൈയിൽ വസ്ത്രം കണ്ടു. നബി(സ)തിരുമേനി അത് ധരിക്കുമെന്ന് അവർ ധരിച്ചു. കാരണം പട്ടുവസ്ത്രം ധരിക്കുന്നത് അവിടന്ന് വിരോധിക്കാറുണ്ടായിരുന്നു. പക്ഷേ എന്തായാലും അവിടന്ന് അതു കണ്ടുകൊണ്ട് ഉദാഹരിച്ചു. നിങ്ങൾ ഇതിൽ അത്ഭുതപ്പെടുകയാണ്. എന്നല്ല. അത്ഭുതം പ്രകടിപ്പിച്ചിരിക്കുന്നു. വാസ്തവത്തിൽ വേറൊരു ഹദീഥിൽനിന്ന് മനസ്സിലാകുന്നുണ്ട്. ആളുകൾ അത്ഭുതം പ്രകടിപ്പിച്ചു; മുസ്‌ലിമിന്റെ ഹദീഥിൽ ഉള്ളതുപോലെ. അതിലെ നിവേദനം ഇപ്രകാരമാണ്: ഹദ്റത്ത് ബറാഅ്(റ) പറയുന്നു, നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒരു നീളമുള്ള പട്ടുവസ്ത്രം സമർപ്പിക്കപ്പെട്ടു. അവിടത്തെ സ്വഹാബ അത് തൊട്ടുനോക്കാൻ തുടങ്ങി. അതിന്റെ നേർപ്പിൽ അത്ഭുതം പ്രകടിപ്പിച്ചു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു. നിങ്ങൾ ഇതിന്റെ നേർപ്പിൽ അത്ഭുതപ്പെടുകയാണോ. തീർച്ചയായും സഅദ്ബിൻ മുആദിന്റെ റൂമാൽ ഇതിനേക്കാൾ എത്രയോ അധികം ഭംഗിയുള്ളതും നേർത്തതുമായിരിക്കും. (സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുൽസ്വഹാബത്തി, ബാബു മിൻഫളാഇലി സഅ്ദ് ബിൻ മുആദ് 2468)

ഹദ്റത്ത് ജാബിർ(റ) നിവേദനം: ഞാൻ നബി(സ)തിരുമേനിയിൽനിന്ന് ഇതു കേട്ടു. അവിടന്ന് പറയാറുണ്ടായിരുന്നു. സഅദ് ബിൻ മുആദ് മരിച്ചപ്പോൾ അർശ് ഇളകി. ഇത് ബുഖാരിയിലെ നിവേദനമാണ്. (സ്വഹീഹ് ബുഖാരി, കിതാബു മനാഖിബിൽ അൻസ്വാരി, ബാബു മനാഖിബി സഅ്ദ് ബിൻ മുആദ് ഹദീഥ് നമ്പർ 3803)

മുസ്‌ലിമിലുള്ളത് ഇപ്രകാരമാണ്. ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറഞ്ഞു. ഹദ്റത്ത് അനസിന്റെ ജനാസ വെച്ചിരുന്നപ്പോൾ അല്ലാഹുവിന്റെ നബി(സ) പറഞ്ഞു. ഇദ്ദേഹം കാരണത്താൽ റഹ്മാന്റെ അർശ് ഇളകി. (സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുൽസ്വഹാബത്തി, ബാബു മിൻഫളാഇലി സഅ്ദ് ബിൻ മുആദ് 2467)

ഇക്കാര്യങ്ങളുടെ കുറച്ച് വിശദീകരണം ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ഇങ്ങനെ പറഞ്ഞിരിക്കുന്നു. അവിടന്ന് പറയുന്നു: ഔസ് ഗോത്രത്തലവനായ സഅ്ദ് ബിൻ മുആദിന്റെ മണികണ്ഠത്തിൽ ഖൻദഖ് യുദ്ധാവസരത്തിൽ മുറിവുണ്ടായി. ഒരുപാട് ചികിത്സിച്ചിട്ടും അത് സുഖപ്പെട്ടില്ല. ഉണങ്ങുകയും പിന്നീട് പഴുക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം വളരെ വലിയ മുഖ്‌ലിസായ സ്വഹാബിയായിരുന്നു. നബി(സ)തിരുമേനിക്ക് അദ്ദേഹത്തിന്റെ ശുശ്രൂഷയിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. അതുകൊണ്ട് അവിടന്ന്(സ)ഖൻദഖ് യുദ്ധത്തിൽനിന്ന് മടങ്ങുമ്പോൾ അദ്ദേഹത്തെ സംബന്ധിച്ച് പ്രത്യേക നിർദ്ദേശം നല്കിയിരുന്നു; അദ്ദേഹത്തെ മസ്ജിദിന്റെ മുറ്റത്ത് ഒരു കൂടാരത്തിൽ താമസിപ്പിക്കാൻ; നബി(സ)തിരുമേനിക്ക് എളുപ്പം അദ്ദേഹത്തെ പരിചരിക്കാൻവേണ്ടി. അങ്ങനെ അദ്ദേഹത്തെ ഒരു മുസ്‌ലിം സ്ത്രീ റഫീദായുടെ കൂടാരത്തിൽ താമസിപ്പിച്ചു. അവർക്ക് രോഗികളെ ശുശ്രൂഷിക്കാനും ..... പ്രാവീണ്യമുണ്ടായിരുന്നു. അതായത് രോഗികളെ കിടത്തി പരിചരിക്കുന്ന കൂടാരമായിരുന്നു. പൊതുവെ മസ്ജിദിന്റെ മുറ്റത്ത് പരിക്കേറ്റ മുസ്‌ലിമീങ്ങളെ അവർ ചികിത്സിക്കാറുണ്ടായിരുന്നു. എന്നാൽ അസാധാരണമായ ശ്രദ്ധയുണ്ടായിട്ടും സഅദ് ബിൻ മുആദിന്റെ അവസ്ഥ സുഖമായിരുന്നില്ല. അതിനിടയിൽ ബനൂഖുറയ്ളായുമായുള്ള സംഭവമുണ്ടായി. അക്കാരണത്താൽ സഅ്ദിന് അസാധാരണമായ പ്രയാസവും ബുദ്ധിമുട്ടും സഹിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ ക്ഷീണം വർധിച്ചു. ആ ദിവസങ്ങളിൽ ഒരു രാത്രി സഅ്ദ് വളരെ വിലപിച്ചുകൊണ്ട് ഇങ്ങനെ ദുആ ചെയ്തു: 'എന്റെ മൗലാ! നിനക്കറിയാം എന്റെ മനസ്സിൽ ഈ ആഗ്രഹം എത്രമാത്രം നിറഞ്ഞിരിക്കുന്നുവെന്ന്. ഞാൻ ഈ ജനതയ്ക്കെതിരെ നിന്റെ മതത്തിന്റെ സംരക്ഷണത്തിന് ജിഹാദ് ചെയ്യട്ടെ. അവർ നിന്റെ റസൂലിനെ നിഷേധിക്കുകയും അങ്ങനെ അദ്ദേഹത്തെ അദ്ദേഹത്തിന്റെ നാട്ടിൽനിന്ന് പുറത്താക്കുകയും ചെയ്തു. എന്റെ പ്രിയപ്പെട്ട ആഖാ! ഇപ്പോൾ ഞങ്ങളുടെയും ഖുറയ്ശികളുടെയും ഇടയിലുള്ള യുദ്ധം അവസാനിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ വിചാരിക്കുന്നു. ഇനി നിന്റെ അറിവിൽ ഏതെങ്കിലും യുദ്ധം ബാക്കിയുണ്ടെങ്കിൽ ഞാൻ നിന്റെ വഴിയിൽ പൊരുതാൻ എനിക്ക് അത്രയും ജീവിതം നീട്ടിത്തന്നാലും. ഇനി അവരോടു ഞങ്ങളുടെ യുദ്ധം അവസാനിച്ചിട്ടുണ്ടെങ്കിൽ ഇനി എനിക്ക് ജീവിക്കണമെന്നാഗ്രഹമില്ല. എനിക്ക് ഈ ശഹാദത്തിന്റെ മരണം നല്കിയാലും. എഴുതിയിരിക്കുന്നു: ആ രാത്രി സഅ്ദിന്റെ മുറിവ് പൊട്ടി. വെളിയിൽ എത്തുംവിധം ചോരയൊഴുകി. ആളുകൾ അത് കണ്ട് പരിഭ്രമിച്ച് ഉള്ളിൽച്ചെന്നു. അപ്പോൾ സഅ്ദിന്റെ അവസ്ഥ ആകെ മാറിപ്പോയിരുന്നു. അവസാനം ആ അവസ്ഥയിൽ സഅ്ദ് ജീവൻ വെടിഞ്ഞു.

സഅ്ദിന്റെ വഫാത്ത് നബി(സ)തിരുമേനിയിൽ വലിയ ആഘാതമുണ്ടാക്കി. വാസ്തവത്തിൽ അപ്പോഴത്തെ സാഹചര്യത്തിൽ സഅ്ദിന്റെ വിയോഗം മുസ്‌ലിമീങ്ങൾക്ക് ഒരു തീരാനഷ്ടമായിരുന്നു. മുഹാജിറുകളിൽ അബൂബക്കർ(റ)നുണ്ടായിരുന്ന ഏകദേശം അതേ നിലയായിരുന്നു സഅ്ദി(റ)നു അൻസ്വാറിൽ ഉണ്ടായിരുന്നത്. ആത്മാർഥതയിലും ത്യാഗത്തിലും ഇസ്‌ലാമികസേവനത്തിലും റസൂലിനോടുള്ള അനുരാഗത്തിലും വളരെ വിരളം ആളുകൾക്കുണ്ടായിരുന്ന ഉന്നതസ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. ഇസ്‌ലാമിനോടും അതിന്റെ സ്ഥാപകരോടുമുള്ള സ്നേഹം അദ്ദേഹത്തിന്റെ ആത്മാവിന്റെ ആഹാരമായിരുന്നു എന്ന് അദ്ദേഹത്തിന്റെ അനക്കമടക്കങ്ങളിൻ നിന്ന് പ്രകടമായിരുന്നു. അദ്ദേഹം തന്റെ ഗോത്രത്തിന്റെ നേതാവായിരുന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രവർത്തന മാതൃക അൻസ്വാറിൽ വളരെ സ്വാധീനമുണ്ടാക്കിയിരുന്നു. ഇത്തരത്തിലുള്ള പ്രഗത്ഭനായ ഒരു ആത്മീയസുതന്റെ വിയോഗം നബി(സ)തിരുമേനിയെ ദുഃഖത്തിലാഴ്ത്തുക എന്നത് സ്വാഭാവികമായ കാര്യമായിരുന്നു. നബി(സ)തിരുമേനി പൂർണമായും സഹനം കൈക്കൊണ്ടു. അല്ലാഹുവിന്റെ ഇഷ്ടത്തിനു മുമ്പിൽ തൃപ്തനായും അനുസരണത്തോടുംകൂടി തല കുനിച്ചു.

സഅ്ദിന്റെ ജനാസ എടുത്തപ്പോൾ അദ്ദേഹത്തിന്റെ വൃദ്ധമാതാവ് സഅ്ദിനോടുള്ള സ്

നേഹത്താൽ അക്കാലഘട്ടത്തിലുണ്ടായിരുന്ന സമ്പ്രദായമനുസരിച്ച് സഅ്ദിന്റെ ഗുണങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് വിലപിക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു; മരിച്ചതിൽ വിലപിക്കുന്ന സ്ത്രീകൾ വലിയ കളവുകൾ വിളിച്ചു പറയാറുണ്ട്. എന്നാൽ, ഇപ്പോൾ സഅ്ദിന്റെ മാതാവ് പറഞ്ഞ കാര്യങ്ങളെല്ലാം സത്യമാണ്. അതിനുശേഷം നബി(സ)തിരുമേനി ജനാസ നമസ്കരിപ്പിച്ചു. ഖബ്റടക്കുന്നതിന് കൂടെപ്പോയി. ഖബ്ർ തയ്യാറാകുന്നതുവരെ കാത്തുനിന്നു. അവസാനം ദുആ ചെയ്തതിനുശേഷം തിരിച്ചുവന്നു.

അതേ അവസരത്തിൽ തന്നെയാണെന്നു തോന്നുന്നു നബി(സ) പറഞ്ഞു: *ഇഹ്ത്തസ്സ അർശുർ റഹ് മാനി ലി മൗത്തി സഅ്ദിൻ* സഅ്ദിന്റെ മരണത്തിൽ റഹ്മാനായ അല്ലാഹുവിന്റെ സിംഹാസനം ഇളകി. മറ്റുള്ളവർ തർജമ ചെയ്തിട്ടുള്ളത് വിറച്ചുവെന്നാണ്. അവിടന്ന് പറഞ്ഞു: ഇളകി. അതായത് പരലോകത്ത് അല്ലാഹുവിന്റെ കാരുണ്യം സന്തോഷത്തോടെ സഅ്ദിന്റെ ആത്മാവിനെ വരവേറ്റു; അർശ് ഇളകുക എന്നതിന്റെ ഉദ്ദേശ്യം. ഒരു കാലത്തിനുശേഷം നബി(സ)തിരുമേനിക്ക് ഏതോ സ്ഥലത്തുനിന്ന് കുറച്ചു പട്ടുവസ്ത്രം ഉപഹാരമായി വന്നു. ചില സ്വഹാബത്ത് അതിന്റെ നേർമയും കോമളതയും കണ്ട് വലിയ അത്ഭുതത്തോടെ സ്മരിക്കുകയും അതിനെ ഒരു അസാധരണ വസ്തുവായി കാണുകയും ചെയ്തു. അവിടന്ന്(സ)പറഞ്ഞു:നിങ്ങൾ അതിന്റെ നേർമയിൽ അത്ഭുതപ്പെടുകയാണോ? അല്ലാഹുവാണ! സ്വർഗത്തിൽ സഅ്ദിന്റെ പുതപ്പുകൾ ഇതിനെക്കാൾ കൂടുതൽ മാർദവമുള്ളതും വളരെയധികം നല്ലതുമായിരിക്കും.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 613–614)

മുമ്പേ പറഞ്ഞു കഴിഞ്ഞ ബുഖാരിയിലേയും മുസ്ലിമിലേയും ആ പകുതി ഹദീഥുകളിൽ റൂമാൽ എന്നാണ് പറഞ്ഞിട്ടുള്ളത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇവിടെ അതിന് പുതപ്പ് എന്നാണ് തർജമ ചെയ്തിട്ടുള്ളത്. എന്തായാലും അറബിയിൽ ഇവിടെ ഉപയോഗിച്ച പദം വസ്ത്രത്തിനും പറയുന്നുണ്ട്.

ഹദ്റത്ത് സഅ്ദിന്റെ മാതാവ് അദ്ദേഹത്തിന്റെ വേർപാടിൽ ദുഖിച്ചുകൊണ്ട് ഈ കവിതാശകലം ചൊല്ലകയായിരുന്നു:

*വയ്ലു ഉമ്മി സഅ്ദിൻ സഅ്ദാ*
*ബറാഅത്തൻ വ നജ്ദാ*
*ബഅ്ദ അയാദിൻ യാലഹൂ വ മജ്ദാ*
*മുഖദ്ദമൻ സദ്ദ ബിഹീ മസദ്ദാ*

'സഅ്ദിന്റെ മാതാവിന് ബുദ്ധിവൈഭവത്തിന്റേയും ധീരതയുടേയും ആൾരൂപമായ സഅ്ദിന്റെ വേർപാടിൽ ദുഃഖമുണ്ട്. എല്ലാ വിടവുകളും നികത്തുന്ന നേതാവായ ആ നന്മ ചെയ്യുന്നവന്റെ പാവനത്വം എന്തു പറയാനാണ്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:*കുല്ലുൽബവാക്കീ യക്ദിബ്ന ഇല്ലാ ഉമ്മു സഅ്ദിൻ*. ആരെങ്കിലും മരിച്ചാൽ അലമുറയിട്ടു കരയുന്ന ഓരോരുത്തരും കളവാണ് പറയാറുള്ളത്. അനാവശ്യമായ അതിശയോക്തിയോടെ പ്രവർത്തിക്കുന്നു;സഅ്ദിന്റെ മാതാവൊഴികെ! (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 328, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് സഅ്ദ് നല്ല വണ്ണവും ഭാരവുമുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ജനാസ എടുത്തപ്പോൾ കപടവിശ്വാസികൾ പറഞ്ഞു: സഅ്ദിന്റെ അത്രയും ഭാരംകുറഞ്ഞ ശരീരം മറ്റാരുടേതും ഞങ്ങൾ കണ്ടിട്ടില്ല. അത് അദ്ദേഹം ബനൂഖുറയ്ളായെ സംബന്ധിച്ച് എടുത്ത തീരുമാനം കാരണമാണെന്ന് കപടവിശ്വാസികൾ പറയുമായിരുന്നു. അതായത് അവർ അതിനെ വിപരീത അർഥത്തിൽ ചിത്രീകരിക്കുവാനാണ് ആഗ്രഹിച്ചത്. നബി(സ)തിരുമേനിക്ക് ഇതിനെക്കുറിച്ച് അറിവ് ലഭിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! സഅ്ദിന്റെ ജനാസ നിങ്ങൾക്ക് ഭാരക്കുറവുള്ളതായി തോന്നുവാൻ കാരണം സഅ്ദിന്റെ ജനാസ മലക്കുകൾ ഏറ്റിയിരിക്കുകയായിരുന്നു എന്നതുകൊണ്ടാണ്. മറ്റൊരു നിവേദനപ്രകാരം നബി(സ)തിരുമേനി പറഞ്ഞു: 'മുമ്പേ ഒരിക്കലും ഭൂമിയിൽ ഇറങ്ങാത്ത എഴുപതിനായിരം മലക്കുകൾ സഅ്ദ് ബിൻ മുആദ്(റ)ന്റെ ജനാസയിൽ പങ്കെടുത്തു.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 328, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990) (ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹബ, വാല്യം 3, പേജ് 464,സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2003)

ഹദ്റത്ത് ആഇശാ(റ) നിവേദനം: 'ഞാൻ നബി(സ)തിരുമേനിയെ ഹദ്റത്ത് സഅ്ദ്(റ)ന്റെ ജനാസയുടെ മുമ്പേ മുമ്പേ നടക്കുന്നതായി കണ്ടു.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 329, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ) വിവരിക്കുന്നു: 'ഹദ്റത്ത് സഅ്ദ് ബിൻ മുആദിനുവേണ്ടി ജന്നത്തുൽ ബഖീയിൽ ഖബ്ർ കുഴിക്കുന്നവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. ഖബ്ർ കുഴിച്ചെടുക്കുമ്പോൾ മണ്ണിൽനിന്ന് കസ്തൂരിയുടെ സുഗന്ധം വന്നിരുന്നു. അങ്ങനെ ഞങ്ങൾ ലഹ്ദിന്റെ സ്ഥാനംവരെ എത്തി. ഖബ്ർ കുഴിച്ചു കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി വന്നു. ഹദ്റത്ത് സഅ്ദിന്റെ ജനാസ ഖബ്റിന്റെ അടുത്തു വെക്കപ്പെട്ടു. പിന്നീട് നബി(സ)തിരുമേനി ജനാസ നമസ്കരിപ്പിച്ചു. നിവേദകൻ പറയുന്നു, ഞാൻ എത്രമാത്രം അധികമാളുകളെ കണ്ടുവെന്നാൽ, അവരെക്കൊണ്ട് ജന്നത്തുൽബഖീഅ് നിറഞ്ഞിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 329–330, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

അബ്ദുർറഹ്മാൻ ബിൻ ജാബിർ(റ.മാ)തന്റെ പിതാവിൽനിന്ന് നിവേദനം: 'ഹദ്റത്ത് സഅ്ദിന്റെ ഖബ്ർ തയ്യാറായി കഴിഞ്ഞപ്പോൾ നാലുപേർ–ഹദ്റത്ത് ഹാരിഥ് ബിൻ ഔസ്(റ), ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ(റ), ഹദ്റത്ത് അബൂനാഇല സിൽക്കാൻ ബിൻ സലാമ(റ), സൽമാ ബിൻ സലാമ ബിൻ വഖ്ശ്(റ)–സഅ്ദിന്റെ ഖബ്റിലിറങ്ങി. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിന്റെ കാൽഭാഗത്തു നില്ക്കുകയായിരുന്നു. ഹദ്റത്ത് സഅ്ദിനെ ഖബ്റിലേക്ക് ഇറക്കിയപ്പോൾ നബി(സ)തിരുമേനിയുടെ മുഖകമലത്തിന്റെ നിറം മാറി. അവിടന്ന് മൂന്നു പ്രാവശ്യം 'സുബ്ഹാനല്ലാഹ്' പറഞ്ഞു. നബി(സ) തിരുമേനിയോടൊപ്പം സ്വഹാബത്തെല്ലാവരും 'സുബ്ഹാനല്ലാഹ്' പറഞ്ഞു. ജന്നത്തുൽ ബഖീയ് 'സുബ്ഹാനല്ലാഹ്' കൊണ്ട് മുഴങ്ങി. പിന്നീട് അവിടന്ന്(സ) മൂന്നുപ്രാവശ്യം 'അല്ലാഹു അക്ബർ' പറഞ്ഞു. നബി(സ)തിരുമേനിയോടൊപ്പം സ്വഹാബത്തെല്ലാവരും 3 പ്രാവശ്യം ഉറക്കെ 'അല്ലാഹു അക്ബർ' പറഞ്ഞു. തക്ബീർ ധ്വനികൾകൊണ്ട് ജന്നത്തുൽബഖീയ് ശബ്ദായമാനമായി. നബി(സ)തിരുമേനിയോടു ചോദിച്ചു. യാ റസൂലല്ലാഹ്!അങ്ങയുടെ മുഖകമലത്തിൽവന്ന മാറ്റം കണ്ടു. മൂന്നു പ്രാവശ്യം അങ്ങ് 'സുബ്ഹാനല്ലാഹ്' പറഞ്ഞു. അതിന്റെ കാരണമെന്താണ്? നബി(സ)തിരുമേനി പറഞ്ഞു:സഅ്ദിന് ഖബ്റിൽ ഇടുക്കം അനുഭവപ്പെടുകയും അദ്ദേഹം ഞെരുക്കപ്പെടുകയും ചെയ്താൽ, അതിൽനിന്നാർക്കെങ്കിലും മോക്ഷമുണ്ടാകുകയാണെങ്കിൽ സഅ്ദിന് തീർച്ചയായുമുണ്ടാകും. അങ്ങനെ അല്ലാഹു അദ്ദേഹത്തിന് അത് വിശാലമാക്കി.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 330, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

മിസ്വർ ബിൻ രിഫാഅ ഖുർള്വി വിവരിക്കുന്നു: ഹദ്റത്ത് സഅ്ദിന്റെ മാതാവ് അദ്ദേഹത്തെ ലഹ്ദിൽ ഇറക്കുന്നതിനുവേണ്ടി വന്നപ്പോൾ ആളുകൾ അവരെ തിരിച്ചയച്ചു. നബി(സ)തിരുമേനി പറഞ്ഞു: അവരെ വിട്ടേക്കുക. അങ്ങനെ അവർ വന്നു. അദ്ദേഹത്തിന്റെ ഖബ്റിനുമേൽ ഇഷ്ടിക വെക്കുന്നതിനും മണ്ണിടുന്നതിനും മുമ്പേ ലഹ്ദിൽ സഅ്ദിനെ കണ്ടു. അവർ പറഞ്ഞു, 'നീ അല്ലാഹുവിന്റെ അടുത്തുണ്ടെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.' നബി(സ)തിരുമേനി സഅ്ദിന്റെ ഖബ്റിൽ അദ്ദേഹത്തിന്റെ മാതാവിനെക്കൊണ്ട് തഅ്സിയ്യത്ത്(അനുശോചനം)ചെയ്യിക്കുകയും ഒരു ഭാഗത്ത് മാറി ഇരിക്കുകയും ചെയ്തു. മുസ്ലിമീങ്ങൾ ഖബ്റിൽ മണ്ണിട്ട് അത് സമാനമാക്കി. അതിനുമേൽ വെള്ളം തളിച്ചു. നബി(സ)തിരുമേനി ഖബ്റിന്നരികെ വന്നു. കുറച്ചുനേരം അവിടെ നിന്നു. പിന്നീട് ദുആ ചെയ്തു. തിരിച്ചുപോയി.

ഹദ്റത്ത് ആഇശാ(റ) നിവേദനം. നബി(സ) തിരുമേനിയ്ക്കും അവിടത്തെ രണ്ടുകൂട്ടുകാരായ ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉമറിനും(റ)മറ്റു മുസ്ലിമീങ്ങൾക്കും സഅ്ദിന്റെ വേർപാടിലുണ്ടായപോലുള്ള ഇത്രയധികം വിഷമം മറ്റാരുടെ വേർപാടിലുമുണ്ടായിട്ടില്ല. വഫാത്താകുമ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ മുആദിന് 37 വയസ്സായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 329–330, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

നബി(സ)തിരുമേനി, ഹദ്റത്ത് സഅ്ദിന്റെ മാതാവിനോടു പറഞ്ഞു:'നിങ്ങളുടെ ദുഃഖം അവസാനിക്കുകയില്ലേ? നിങ്ങളുടെ കണ്ണീരടങ്ങുകയില്ലേ? കാരണം ആർക്കുവേണ്ടിയാണോ അല്ലാഹു പുഞ്ചിരിച്ചത്, ആർക്കുവേണ്ടിയാണോ അർശ് ഇളകിയത് അതിൽ ആദ്യത്തെ വ്യക്തി നിങ്ങളുടെ മകനാണ്. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 332, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് സഅ്ദിനെ ഖബറടക്കി തിരിച്ചുവരുമ്പോൾ നബി(സ)തിരുമേനിയുടെ കണ്ണുനീർ താടിയിലൂടെ ഒഴുകുന്നുണ്ടായിരുന്നു.' (ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹബ, വാല്യം 2, പേജ് 463,സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2003)

ഒരു നിവേദനം ഹദ്റത്ത് സഅ്ദ് ഉദ്ധരിച്ചതായി വരുന്നുണ്ട്. ഹദ്റത്ത് സഅ്ദ്(റ) വിവരിച്ചു: 'നിസംശയം. ഞാൻ ദുർബലനാണ്. എന്നാൽ, മൂന്നു കാര്യങ്ങളിൽ ഞാൻ വളരെ ശക്തനാണ്. തന്റെ ഉള്ളിലുള്ള മൂന്നുകാര്യങ്ങൾ എന്തൊക്കെയാണെന്ന് അദ്ദേഹം പറഞ്ഞത് ഇതാണ്. ഞാൻ വളരെ ദുർബലനായ മനുഷ്യനാണ്. പക്ഷേ, ഈ മൂന്നു കാര്യങ്ങൾ എന്നിൽ ദൃഢഗാഢമാണ്. അതനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നു. 'ഒന്നാമത്തെ കാര്യം, ഞാൻ നബി(സ)തിരുമേ

നിയിൽനിന്ന് കേട്ടത് സത്യമാണെന്ന് ഉടനെ അറിഞ്ഞു. രണ്ടാമത്തെ കാര്യം, എന്റെ നമസ്കാരത്തിന്നിടയിൽ നമസ്കാരം തീരുന്നതുവരെ നമസ്കാരത്തെക്കുറിച്ചല്ലാതെ മറ്റൊരു കാര്യവും ഞാൻ ചിന്തിക്കാറില്ല. മൂന്നാമത്തെ കാര്യം, ഏതെങ്കിലും ജനാസ എത്തിച്ചേരുന്നതിനു മുമ്പേതന്നെ തൽസ്ഥാനത്ത് ഞാനെന്നെതന്നെ മരിച്ചവനായി കരുതി എന്തൊക്കെ ചോദ്യോത്തരങ്ങളായിരിക്കും നടക്കുന്നുണ്ടാവുക എന്ന് ചിന്തിക്കുമായിരുന്നു.' പരലോകത്തെകുറിച്ചുള്ള ചിന്തയായിരുന്നു.(മജ്മഉസ്സവാഇദ്, കിതാബുൽമനാഖിബ്, ബാബു മാ ജാഅ ഫീ ഉസയ്ദ് ബിൻ ഹുളയ്റിൻ, ഹദീഥ് 15689, വാള്യം 9, പേജ് 375, ദാറുൽകുതുബുൽ ഇൽമിയ്യ ബെയറുത്ത് 2001)

ഹദ്റത്ത് ആഇശാ(റ) പറയുമായിരുന്നു: ബനൂ അബ്ദുൽ അശ്ഹലിൽപ്പെട്ട അൻസാറിലെ മൂന്നു പേരുണ്ടായിരുന്നു, നബി(സ)തിരുമേനി കഴിഞ്ഞാൽ പിന്നെ അവരേക്കാൾ ശ്രേഷ്ഠത മറ്റാർക്കും നൽകപ്പെട്ടിരുന്നില്ല. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ, ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ എന്നിവരായിരുന്നു അവർ. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലാനീ, വാള്യം 3, പേജ് 71, സഅ്ദ് ബിൻ മുആദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയറുത്ത് 1995)

അടുത്തതായി വിവരിക്കാൻ പോകുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ). ഹദ്റത്ത് സഅ്ദിന്റെ സംജ്ഞാനാമം അബൂ ഇസ്ഹാഖ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മാലിക് ബിൻ ഉഹയ്ബ് എന്നായിരുന്നു. ചില നിവേദനങ്ങളിൽ മാലിക് ബിൻ വുഹയ്ബ് എന്നും വിവരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് തന്റെ സംജ്ഞാനാമമായ അബൂ വഖാസ് കാരണത്താൽ ഏറെ പ്രസിദ്ധനായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ നാമം സഅ്ദ് ബിൻ അബീ വഖാസ് എന്ന് വിവരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഹംന ബിൻത് സുഫ്യാൻ എന്നായിരുന്നു. (അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ് ഭാഗം 2, പേജ് 606–607, ദാറുൽജീൽ ബെയ്റുത്ത്) (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 101, സഅ്ദ് ബിൻ അബീ വഖാസ്(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ ബന്ധം ഖുറയ്ശീ ഗോത്രമായ ബനൂ സുഹ്റയുമായിട്ടായിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 123)(സീറത്തു ഇബ്നു ഹിശാം വാള്യം 1, പേജ് 680–681, മിൻ ബനീ സുഹ്റ, മക് തബ മുസ്ത്വഫാ അൽബാബി അൽഹൽബി വ ഔലാദഹൂ മിസ്ർ 1955)

നബി(സ)തിരുമേനി, സ്വർഗസ്ഥരാണെന്ന് ജീവിതത്തിൽത്തന്നെ സുവാർത്ത നൽകിയിരുന്ന പത്ത് സ്വഹാബിമാരിൽ സഅ്ദ് ബിൻ അബീ വഖാസ്(റ)ഉം ഉൾപ്പെട്ടിരിക്കുന്നു. ആ സ്വഹാബിമാരെ അശ്റമുബശ്ശറ എന്നു പറയുന്നു. അവരിൽ അവസാനം വഫാത്തായത് സഅ്ദ് ബിൻ അബീ വഖാസ്(റ)ആയിരുന്നു. (അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 2, പേജ് 324, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ 2001)

ഈ എല്ലാ അശ്റമുബശ്ശറയും മുഹാജിരീംകളിൽപ്പെട്ടവരായിരുന്നു. നബി(സ)തിരുമേനി തന്റെ വഫാത്തിന്റെ നേരത്ത് അവരിൽ സംതൃപ്തനായിരുന്നു.

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) താൻ വിശ്വസിച്ചതിനെ സംബന്ധിച്ച് വിവരിക്കുന്നു, ഞാൻ മുസ്‌ലിമായ ദിവസമല്ലാതെ മറ്റാരും മുസ്‌ലിമായിട്ടില്ല. മൂന്നാമനായിക്കൊണ്ട് ഏഴു ദിവസം ഞാൻ താമസിക്കുകയുണ്ടായി. അവസ്ഥയെന്തായിരുന്നുവെന്നാൽ ഞാൻ മുസ്‌ലിമീങ്ങളിൽ മൂന്നിലൊരു ഭാഗമായിരുന്നു.(സ്വഹീഹ് ബുഖാരി കിതാബു ഫളാഇൽ അസ്ഹാബുന്നബി(സ), ബാബു മനാഖിബു സഅ്ദ് ബിൻ അബീ വഖാസ്(റ), ഹദീഥ് നമ്പർ 3727)(സ്വഹീഹ് ബുഖാരി കിതാബു മനാഖിബ് അൻസ്വാർ ബാബു ഇസ്‌ലാം സഅ്ദ്, ഹദീഥ് 3858)

മൂന്നാളുകളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിവരണമാണ്. ഞാൻ നമസ്കാരം ഫർളാകുന്നതിനുമുമ്പേ മുസ്‌ലിമായി കഴിഞ്ഞിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹബ, വാള്യം 2, പേജ് 453,സഅ്ദ് ബിൻ മാലിക്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2003)

ഹദ്റത്ത് സഅ്ദ്(റ) ഇസ്‌ലാം സ്വീകരിച്ച സംഭവം അദ്ദേഹത്തിന്റെ മകൾ വിവരിക്കുകയാണ്; ഹദ്റത്ത് സഅ്ദ് പറഞ്ഞു: 'ഞാൻ ഇരുട്ടിൽ അകപ്പെട്ടിട്ടുള്ളതായി സ്വപ്നം കണ്ടു. എനിക്കൊന്നും കാണാൻ കഴിയുന്നില്ല. പെട്ടെന്നാണ് ചന്ദ്രൻ ഉദിച്ചത് ഞാൻ കണ്ടത്. ഞാൻ അതിന്റെ അടുത്തേക്ക് പോകാൻ തുടങ്ങി. അപ്പോൾ ഞാൻ കാണുന്നത് ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയും ഹദ്റത്ത് അലിയും ഹദ്റത്ത് അബൂബക്കറും എനിക്കു മുമ്പേ ചന്ദ്രന്റെയടുത്തേക്ക് നീങ്ങുന്നതാണ്. ഞാൻ അവരോടു ചോദിച്ചു: 'നിങ്ങളെപ്പോഴാണ് ഇവിടെയെത്തിയത്?' അവർ പറഞ്ഞു: 'ഞങ്ങളും ഇപ്പോൾ എത്തിയതേയുള്ളൂ.' ഹദ്റത്ത് സഅ്ദ് പറയുന്നു: നബി(സ)തിരുമേനി ജനങ്ങളെ രഹസ്യമായി ഇസ്‌ലാമിലേക്കു ക്ഷണിക്കുന്ന തായി എനിക്ക് വിവരം ലഭിച്ചുകഴിഞ്ഞിരുന്നു. അങ്ങനെ 'ശിഅ്ബു അജ്‌യാദി'ൽ പോയി നബി(സ) തിരുമേനിയെ കാണുകയും മുസ്‌ലിമാകുകയും ചെയ്തു. 'അജ്‌യാദ്'മക്കയിൽനിന്ന് സ്വഫാ മലയോടു ചേർന്നുകിടക്കുന്ന ഒരു സ്ഥലത്തിന്റെ പേരാണ്. അവിടെയാണ് നബി(സ)തിരുമേനി ആടുകളെ മേയ്ക്കാറുണ്ടായിരുന്നത്. നബി(സ) തിരുമേനി അസ്ർ നമസ്കരിച്ചു കഴിഞ്ഞിരുന്നു. അപ്പോൾ ഞാൻ അവിടെ എത്തുകയും മുസ്‌ലിമാകുകയും ചെയ്തു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 455, സഅ്ദ് ബിൻ മാലിക്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2003)(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 63–64)(ഫർഹങ്കെ സീറത്ത് പേജ് 30, സവാർ അക്കാഡമി കറാച്ചി 2003)

ഹദ്റത്ത് സഅ്ദിന്റെ മകൾ ആഇശാ ബിൻത് സഅ്ദ് നിവേദനം:;ഞാൻ എന്റെ പിതാവ് ഇങ്ങനെ പറയുന്നതായി കേട്ടു. ഞാൻ മുസ്‌ലിമായപ്പോൾ എന്റെ പ്രായം 17 വയസ്സായിരുന്നു. ചില നിവേദനങ്ങളിൽ അദ്ദേഹം വിശ്വസിച്ചപ്പോൾ 19 വയസ്സായിരുന്നുവെന്നും വന്നിട്ടുണ്ട്.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 103, സഅ്ദ് ബിൻ അബീ വഖാസ്(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

ആദ്യമായി ഇസ്‌ലാം സ്വീകരിച്ചവരിൽ ഹദ്റത്ത് അബൂബക്കറി(റ)ന്റെ തബ്‌ലീഗുകൊണ്ട് അഞ്ചുപേർ വിശ്വസിച്ചിരുന്നു. അവർ ഇസ്‌ലാമിൽ ഉന്നതരും അതിശ്രേഷ്ഠരുമായ സ്വഹാബിമാരിൽ ഉൾപ്പെടുന്നു. അവരിൽ മൂന്നാമൻ ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്വായിരുന്നു. അദ്ദേഹം അന്ന് തികച്ചും യുവാവായിരുന്നു. ഇത് സീറത്തു ഖാത്തമുന്നിയ്യീനിൽനിന്നെടുത്തിട്ടുള്ളതാണ്. അതായത് ആ നേരത്ത് അദ്ദേഹത്തിന്റെ പ്രായം 19 വയസ്സായിരുന്നു. അദ്ദേഹം ബനൂ സുഹ്റായിൽപ്പെട്ട ആളായിരുന്നു. അങ്ങേയറ്റം ധൈര്യശാലിയും വീരനുമായിരുന്നു. ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ ഇറാഖ് വിജയിച്ചത് ഇദ്ദേഹത്തിന്റെ കൈയാലായിരുന്നു. അമീർ മുആവിയായുടെ കാലഘട്ടത്തിൽ വഫാത്തായി.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 122–123)

ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)നബി(സ)തിരുമേനിയിൽനിന്ന് ധാരാളം നിവേദനങ്ങൾ ചെയ്തിട്ടുണ്ട്. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 2, പേജ് 324, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ, 2001)

ഹദ്റത്ത് സഅ്ദിന്റെ മകൻ മുസ്അബ് വിവരിക്കുന്നു: എന്റെ പിതാവ് ഹദ്റത്ത് സഅ്ദ്(റ) എന്നോടു വിവരിച്ചു: എന്റെ ഉമ്മ അതായത് ഹദ്റത്ത് സഅ്ദിന്റെ ഉമ്മ, അദ്ദേഹം തന്റെ മതത്തിൽ അവിശ്വസിക്കുന്നതുവരെ ഒരിക്കലും അദ്ദേഹത്തോടു സംസാരിക്കുകയില്ലെന്ന് ശപഥം ചെയ്തു; ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യില്ലെന്നും! അവർ പറഞ്ഞു: നിന്റെ മാതാപിതാക്കളോടു നല്ല നിലയിൽ വർത്തിക്കണമെന്നും അല്ലാഹു നിന്നോടു ഉപദേശിച്ചതായി നീ വാദിക്കുന്നുണ്ടല്ലോ? ഞാൻ നിന്റെ മാതാവാണ്. ഞാനാണിത് നിന്നോടു കല്പിക്കുന്നത്.'

അങ്ങനെ അവർ മൂന്നുദിവസം കഴിച്ചുകൂട്ടി. ക്ഷീണം കാരണം അവർക്ക് ബോധക്ഷയമുണ്ടായി. അപ്പോൾ ഉമാറ എന്നു പേരുള്ള അവരുടെ ഒരു മകൻ എഴുന്നേറ്റു ചെന്ന് അവരെ വെള്ളം കുടിപ്പിച്ചു. അപ്പോൾ അവർ സഅ്ദിനെതിരെ പ്രാർഥിക്കാൻ തുടങ്ങി.

അപ്പോഴാണ് അല്ലാഹു ഖുർആനിലെ ഈ സൂക്തം അവതരിപ്പിച്ചത്: *വ വസ്സയ്നൽ ഇൻസാന ബി വാലിദയ്ഹി ഹുസ്നാ* തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് മനുഷ്യനോടു നാം അനുശാസിച്ചിരിക്കുന്നു.(29:9) *വ വസ്സയ്നൽ ഇൻസാന ബി വാലിദയ്ഹി ഹുസ്നാ* ഇത് സൂറ അൻകബൂത്തിലെ ആയത്താണ്. പിന്നീട് സൂറ ലുഖ്മാനിലുണ്ട്: *വ ഇൻ ജാഹദാക്ക അലാ അൻതുശ്‌രിക്ക ബീ ഫലാ തുത്വിഅ്ഹുമാ* നിനക്ക് അറിവില്ലാത്ത വല്ലതിനേയും എന്നോടു


**അല്ലാഹുവിന്റെ വചനം**

*"ഏതൊരാൾ ദൈവദൂതനെ അനുസരിക്കുന്നുവോ തീർച്ചയായും അയാൾ അല്ലാഹുവിനെ അനുസരിച്ചു. ഏതൊരാൾ പിന്തിരിഞ്ഞു കളയുന്നുവോ അവരുടെ കാവൽക്കാരനായി നാം നിന്നെ അയച്ചിട്ടില്ല."(4:81)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അല്ലാഹുവിന്റെ വചനം**

**"ആരെങ്കിലും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ അവർ തന്നെയാണ് വിജയികൾ." (24:53)**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

കൂട്ടുചേർത്ത് ആരാധിക്കാൻ അവരിരുവരും നിന്നോടു കല്പിക്കുകയാണെങ്കിൽ അവരെ നീ അനുസരിക്കരുത്. അതിനുശേഷം ഇങ്ങനേയും പറഞ്ഞു: *വ സ്വാഹിബുഹുമാ ഫിദ്ദുൻയാ മഅ്റൂഫാ*(31:16) എന്നാൽ ഐഹികകാര്യങ്ങളിൽ നീ അവരുമായി ബന്ധം പുലർത്തുക. അവരോടു നന്മ ചെയ്യുക.(സ്വഹീഹ് മുസ്‌ലിം, കിതാബുഫളാഇലുസ്സ്വഹാബ, ബാബു ഫള്‌ലു സഅ്ദ് ബിൻ അബീ വഖാസ്, ഹദീഥ് 1748)

ഈ വഴക്ക് ശിർക്കിനെ സംബന്ധിച്ചാണെങ്കിൽ അനുസരിക്കരുത്. ഇതിനെ സംബന്ധിച്ച് വിശദമായ വിഷയം മുന്നോട്ടു പോകുന്നുണ്ട്. പക്ഷേ, ഭൗതികമായ കാര്യത്തിൽ അവരുമായി കൂട്ടുചേർന്ന് മുന്നോട്ടു കൊണ്ടുപോകുക. അവരോടു നന്മ പ്രവർത്തിക്കുക.

ഈ ആദ്യത്തെ നിവേദനം മുസ്‌ലിമിന്റേതാണ്. പിന്നീട് സീറത്തിൽ മറ്റൊരു ഉദ്ധരണി എഴുതിയിരിക്കുന്നു: ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) വിവരിക്കുന്നു: ഞാനെന്റെ ഉമ്മയെ വളരെയധികം സ്നേഹിച്ചിരുന്നു. എന്നാൽ, ഞാൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഉമ്മ പറഞ്ഞു: സഅ്ദേ! നീ എന്തു മതമാണ് സ്വീകരിച്ചിട്ടുള്ളത്. ഒന്നുകിൽ നീ ആ പുതിയമതം ഉപേക്ഷിക്കുക. ഇല്ലെങ്കിൽ ഞാനൊന്നും കഴിക്കുകയില്ല; കുടിക്കുകയുമില്ല; അങ്ങനെ ഞാൻ മരിക്കും. ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ) പറയുന്നു: ഞാൻ അവരോടു പറഞ്ഞു, ഉമ്മാ! നിങ്ങൾ അങ്ങനെ ചെയ്യരുത്. ഞാനെന്റെ ദീനിനെ ഉപേക്ഷിക്കുന്നവനല്ല. ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ) പറയുന്നു: ഒരു രാവും ഒരു പകലും എന്റെ ഉമ്മ ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. അവരുടെ അവസ്ഥ മോശമാകാൻ തുടങ്ങി. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവാണ! നിങ്ങൾക്ക് ആയിരം ജീവനുണ്ടാകുകയും അവയോരോന്നോരോന്നായി പുറത്തുപോകുകയും ചെയ്താലും ഞാൻ ആർക്കും വേണ്ടി എന്റെ മതത്തെ ഉപേക്ഷിക്കുകയില്ല. അദ്ദേഹത്തിന്റെ മാതാവ് ഇതുകണ്ടപ്പോൾ തിന്നാനും കുടിക്കാനും തുടങ്ങി. ആ അവസരത്തിലാണ് അല്ലാഹു ഈ ആയത്തിറക്കിയത്. *വ ഇൻ ജാഹദാക്ക അലാ അൻതുശ്‌രിക്ക ബീമാ ലയ്സ ലക്ക ബിഹീ ഇൽമുൻ ഫലാ തുത്വിഅ്ഹുമാ വ സ്വാഹിബുഹുമാ ഫിദ്ദുൻയാ മഅ്റൂഫാ*(31:16) *ലയ്സ ലക്ക ബിഹീ ഇൽമുൻ* നിനക്ക് അറിവില്ലാത്ത വല്ലതിനേയും എന്നോടു കൂട്ടുചേർത്ത് ആരാധിക്കാൻ അവരിരുവരും നിന്നോടു കല്പിക്കുകയാണെങ്കിൽ ഫലാ തുത്വിഅ്ഹുമാ അവരെ നീ അനുസരിക്കരുത്, എന്നാൽ ഐഹികകാര്യങ്ങളിൽ നീ അവരുമായി ബന്ധം പുലർത്തുക. അവരോടു നന്മ ചെയ്യുക.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 455, സഅ്ദ് ബിൻ മാലിക്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ, 2003)

നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിനെ തന്റെ മാതുലൻ എന്ന് പറയുമായിരുന്നു.(അസ്ഹാബെ ബദ്ർ, ഖാളി മുഹമ്മദ് സുലയ്മാൻ മൻസ്വൂർപൂരി, പേജ് 91, മക്തബ ഇസ്‌ലാമിയ്യ ലാഹോർ 2015)

ഒരിക്കൽ ഹദ്റത്ത് സഅ്ദ്(റ) മുമ്പിലൂടെ വരികയായിരുന്നു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ കണ്ടുകൊണ്ട് പറഞ്ഞു: ഇത് എന്റെ അമ്മാവനാണ്. ആർക്കെങ്കിലും ഇങ്ങനെയൊരു മാതുലൻ ഉണ്ടെങ്കിൽ കാണിച്ചു തരിക. ഇമാം തിർമുദി അതിനുകാരണം പറഞ്ഞത്, നബി(സ)തിരുമേനിയുടെ ഉമ്മയുടെ ബന്ധം ബനൂസുഹ്റയുമായിട്ടായിരുന്നു. ഹദ്റത്ത് സഅ്ദ്(റ)ന്റെ ബന്ധവും ബനൂസുഹ്റയുമായിട്ടായിരുന്നു.(ജാമിഉത്തിർമുദി കിതാബുൽമനാഖിബ്, ബാബുമനാഖിബു അബൂ ഇസ്ഹാഖ് സഅ്ദ് ബിൻ അബീ വഖാസ്, ഹദീഥ് നമ്പർ 3752)

ഹദ്റത്ത് അബൂഹുറയ്റ(റ)യിൽ നിന്നുള്ള നിവേദനം. നബി(സ)തിരുമേനി ഹിറാ പർവതത്തിലായിരുന്നു. അപ്പോൾ അത് ഇളകി. അന്നേരം നബി(സ)തിരുമേനി പറഞ്ഞു: 'ഹിറാ! നീ ശാന്തമാകുക. നിന്റെമേൽ നബിയോ സ്വിദ്ദീഖോ ശഹീദോ അല്ലാതെ മറ്റാരുമില്ല. അതിന്മേൽ നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് അലിയും ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്വു(റ)മാണ് ഉണ്ടായിരുന്നത്. ഇത് മുസ്‌ലിമിന്റെ നിവേദനമാണ്.(സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ബാബു ഫളാഇലു ത്വൽഹ വ സ്സുബയ്ർ, ഹദീഥ് 2417)

ഇസ്‌ലാമിന്റെ ആദ്യ നാളുകളിൽ മുസ്‌ലിമീങ്ങൾ രഹസ്യമായി നമസ്കരിച്ചിരുന്നപ്പോൾ ഒരു പ്രാവശ്യം ഹദ്റത്ത് സഅ്ദ്(റ) മക്കയിലെ ഒരു മലയിടുക്കിൽ കുറച്ചു സ്വഹാബിമാരുമൊത്ത് നമസ്കരിക്കുകയായിരുന്നു. അവിടെ മുശ്‌രിക്കീങ്ങളെത്തി. അവർ മുസ്‌ലിമീങ്ങളെ പരിഹസിക്കാൻ തുടങ്ങി. അവരുടെ ദീനിൽനിന്ന് അതായത് ഇസ്‌ലാമിലെ പോരായ്മകൾ എടുക്കാനാഗ്രഹിച്ചു. യുദ്ധസാഹചര്യംവരെ എത്തി. ഹദ്റത്ത് സഅ്ദ്(റ) ഒരു മുശ്‌രിക്കിന്റെ തലയിൽ ഒട്ടകത്തിന്റെ എല്ലുകൊണ്ട് അടിച്ചു, അയാളുടെ തല പൊട്ടി. ഇസ്‌ലാമിൽ ഒഴുക്കപ്പെട്ട ആദ്യ രക്തമായിരുന്നു ഇത്.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 2, പേജ് 324, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ, 2001)

മക്കയിൽ അവിശ്വാസികൾ മുസ്‌ലിമീങ്ങളെ ബഹിഷ്കരിക്കുകയും അവരെ ശിഅ്ബ് അബീ ത്വാലിബിൽ ഉപരോധിക്കുകയും ചെയ്തപ്പോൾ ആ പീഢനങ്ങൾക്ക് ഇരയായ മുസ്‌ലിമീങ്ങളിൽ സഅ്ദ് ബിൻ അബീ വഖാസ്വുമുണ്ടായിരുന്നു. അത് പരമാർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തുമുന്നബിയ്യീനിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: എന്തെന്തല്ലാം കെടുതികളും വിഷമങ്ങളുമാണോ ആ ദിനങ്ങളിൽ ഉപരോധിക്കപ്പെട്ടവർക്ക് സഹിക്കേണ്ടിവന്നത്, അതു വായിക്കുമ്പോൾ നമ്മുടെ ശരീരം വിറകൊണ്ടുപോകുന്നു. സ്വഹാബത്തിന്റെ വിവരണമാണ്: ചില നേരങ്ങളിൽ അവർ മൃഗങ്ങളെപ്പോലെ കാട്ടുചെടികളുടെ ഇലകൾ തിന്നാണ് കഴിഞ്ഞിരുന്നത്. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)പറയുന്നു: "ഒരിക്കൽ രാത്രിനേരത്ത് അദ്ദേഹത്തിന്റെ കാൽപാദം ഏതോ മൃദുലമായ വസ്തുവിൽ പതിഞ്ഞു." ഈന്തപ്പഴത്തിന്റെ കഷണമായിരിക്കാം. "ആ സമയത്ത് വിഷപ്പിന്റെ കാഠിന്യം കൊണ്ട് അദ്ദേഹം അതെടുത്തു വിഴുങ്ങി. അദ്ദേഹം പറയുന്നു: ഇന്നുവരെ എനിക്കറിയുകയില്ല അതെന്തായിരുന്നുവെന്ന്." മറ്റൊരു അവസരത്തിൽ "വിശപ്പുസഹിക്കവയ്യാതിരിക്കുമ്പോൾ അദ്ദേഹത്തിന് ഉണങ്ങിയ തൊലി തറയിൽനിന്ന് കിട്ടി. അദ്ദേഹം അത് വെള്ളത്തിൽമുക്കി വൃത്തിയാക്കി പുഴുങ്ങിത്തിന്നു. മൂന്നു ദിവസം ആ അദൃശ്യമായ ആതിഥേയത്വത്തിൽ കഴിച്ചുകൂട്ടി."(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 166–167)

അല്ലാഹു മുസ്‌ലിമീങ്ങളോടു ഹിജ്റ ചെയ്യാൻ കല്പിച്ചപ്പോൾ ഹദ്റത്ത് സഅ്ദും മദീനയിലേക്ക് ഹിജ്റ ചെയ്തു.അവിടെ തന്റെ അന്യാരാധകനായ സുഹൃത്ത് ഉത്ബ ബിൻ അബീ വഖാസിന്റെ വീട്ടിൽ താമസിച്ചു. ഉത്ബയുടെ കൈയാൽ ഒരു കൊലപാതകം നടന്നിരുന്നു. അക്കാരണത്താലാണ് അയാൾ മദീനയിൽ വന്ന് താമസമാക്കിയത്.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്,വാള്യം 2, പേജ് 66–67)

ഹദ്റത്ത് സഅ്ദ് ഒന്നാമതായി ഹിജ്റത്ത് ചെയ്തവരിൽപ്പെടുന്നു. അവിടന്ന് നബി(സ) തിരുമേനി മദീനയിൽ വരുന്നതിനു മുമ്പേ ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയിരുന്നു.(ഉംദത്തുൽഖാരി ശറഹ് സ്വഹീഹുൽബുഖാരി വാള്യം 1, പേജ് 305, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്. 2001)

നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)നേയും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനേയും സഹോദരന്മാരാക്കി. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)നേയും ഹദ്റത്ത് സഅ്ദ് ബിൻ മുആദിനേയുമാണ് സഹോദരന്മാരാക്കിയത്. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 103, സഅ്ദ് ബിൻ അബീ വഖാസ്(റ) ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1990)

സഹോദരന്മാരാക്കിയതിൽ അഭിപ്രായ വ്യത്യാസമുള്ളതിനെ സംബന്ധിച്ച് മൗലാനാ ബാരി സാഹിബ് സയ്ഫ് ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു. മക്കയിൽ അവിടത്തെ സഹോദരനാക്കിയത് ഹദ്റത്ത് മുസ്അബിനെയായിരുന്നു. മദീനയിൽ ഹദ്റത്ത് സഅ്ദ് ബിൻ മുആദിനെയായിരുന്നു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് വാള്യം 2, പേജ് 64)

ഹദ്റത്ത് സഅ്ദ് ഖുറയ്ശിലെ ധീരരായ അശ്വഭടന്മാരിൽപെട്ടയാളായിരുന്നു. യുദ്ധങ്ങളിൽ നബി(സ)തിരുമേനിയുടെ സംരക്ഷണത്തിന്റെയും പ്രതിരോധത്തിന്റെയും ചുമതലയുണ്ടായിരുന്ന സ്വഹാബികളിൽ ഒരാൾ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) ആയിരുന്നു.(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽഅസ്ഹാബ്, ഭാഗം 2, പേജ് 172, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2010)

അബൂ ഇസ്ഹാഖ് നിവേദനം: നബി(സ)തിരുമേനിയുടെ സ്വഹാബിമാരിൽ നാലു പേർ ശക്തമായി ആക്രമണം നടത്തുന്നവരായിരുന്നു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് സുബയ്ർ(റ) ഹദ്റത്ത് സഅ്ദ് (റ).(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 2, പേജ് 325, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ, 2001)

മദീന ഹിജ്റത്തിനുശേഷം മുസ്‌ലിമീങ്ങൾക്ക് സത്യനിഷേധികളിൽനിന്ന് പ്രയാസങ്ങളും ഭീഷണികളും ഉണ്ടായിക്കൊണ്ടിരുന്നു. ഇക്കാരണത്താൽ ആരംഭ കാലങ്ങളിൽ മുസ്‌ലിമീങ്ങൾ അധികവും ഉണർന്നിരിക്കുമായിരുന്നു. നബി(സ)തിരുമേനിയും അധികവും അങ്ങനെത്തന്നെയായിരുന്നു. ഇതുസംബന്ധമായി ഒരു നിവേദനം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ആഇശാ(റ) വിവരിക്കുന്നു. മദീനയിൽ വന്ന കാലഘട്ടത്തിൽ നബി(സ)തിരുമേനിക്ക് ഒരു രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ അവിടന്ന് പറഞ്ഞു:എന്റെ സ്വഹാബത്തിൽപ്പെട്ട ഏതെങ്കിലും നല്ലൊരു മനുഷ്യൻ ഇന്ന് രാത്രി എനിക്ക് കാവൽനിന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു!അവർ പറയുന്നു:'ഞങ്ങൾ ആ അവസ്ഥയിലായിരുന്നു. ഞങ്ങൾ ആയുധത്തിന്റെ ശബ്ദം കേട്ടു. ആരാണെന്ന് നബി(സ)തിരുമേനി ചോദിച്ചു. വെളിയിൽനിന്ന് ഇങ്ങനെ പറയുന്നതുകേട്ടു:സഅ്ദ് ബിൻ അബീ വഖാസ്!' പറഞ്ഞു: ഞാൻ സഅ്ദ് ബിൻ അബീ വഖാസ്വാണ്. താങ്കൾ ഇവിടെ എങ്ങനെയാണെത്തിയതെന്ന് നബി(സ)തിരുമേനി ചോദിച്ചു. അദ്ദേഹം പറഞ്ഞു:നബി(സ) തിരുമേനിയെ സംബന്ധിച്ച് എന്റെ മനസ്സിൽ

ഭയമുണ്ടായി. അതുകൊണ്ട് ഞാൻ അങ്ങയ്ക്ക് കാവൽ നിക്കാൻ വന്നതാണ്. നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു; ഉറങ്ങുകയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ),പേജ് 282–283)(സ്വഹീഹ് മുസ്‌ലിം കിതാബു ഫളാഇലുസ്സഹാബ, ബാബു ഫള്ൽ സഅ്ദ് ബിൻ അബീ വഖാസ്, ഹദീഥ് 2410)

ഇങ്ങനേയും ഒരു ഉദ്ധരണിയുണ്ട്, ബുഖാരിയിലും മുസ്‌ലിമിലും രണ്ടിലും ഈ സംഭവം വിവരിച്ചിട്ടുണ്ടെങ്കിലും അതിനോടൊപ്പം ദുആയുടെ വിശദീകരണമില്ല; നബി(സ)തിരുമേനി എന്തു ദുആയാണ് ചെയ്തെന്ന്. എന്നാൽ, ഹദ്റത്ത് സഅ്ദിന്റെ ശ്രേഷ്ഠത വിവരിക്കുന്നിടത്ത് ഇമാം തിർമുദി ഇത് വിവരിച്ചിട്ടുണ്ട്. അതിൽ അദ്ദേഹത്തിന്റെ മകൻ ഖയ്സ് നിവേദനം. എന്റെ പിതാവ് സഅ്ദ് വിവരിക്കുന്നു: നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി ഇങ്ങനെ ദുആ ചെയ്തിരുന്നു: 'അല്ലാഹുമ്മസ്തജിബ് ലിസഅ്ദിൻ ഇദാ ദആ അല്ലാഹുവേ!സഅ്ദ് നിന്നോടു ദുആ ചെയ്യുമ്പോൾ നീ അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കേണമേ.' ഇക്മാൽ ഫീ അസ്മാഇർറിജാലിലുണ്ട്, നബി(സ)തിരുമേനി അദ്ദേഹത്തിനുവേണ്ടി ഇങ്ങനെ പ്രാർഥിച്ചു: *'അല്ലാഹുമ്മ സദ്ദിദ് സഹ്മഹൂ വ അജിബ് ദഅ്വത്തഹൂ* അല്ലാഹുവേ! അദ്ദേഹത്തിന്റെ അസ്ത്രങ്ങൾ കൃത്യം ലക്ഷ്യത്തിൽത്തന്നെ കൊള്ളിക്കുകയും അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കുകയും ചെയ്യേണമേ.'(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2,പേജ് 67–68)

നബി(സ)തിരുമേനിയുടെ ഈ ദുആകൾ കാരണമായി സഅ്ദ് ദുആ സ്വീകാര്യതയുടെ കാര്യത്തിൽ പ്രസിദ്ധനായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സഹാബ ഭാഗം 2, പേജ് 324–325, ദാറുൽഫിക്ർ ബെയ്റുത്ത് ലബ്നാൻ, 2001)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) ദുആകൾ സ്വീകരിക്കപ്പെടുന്ന വ്യക്തിയായിരുന്നു. ഒരിക്കൽ ഒരാൾ അദ്ദേഹത്തിൽ കളവ് ആരോപിച്ചു. അപ്പോൾ അദ്ദേഹം അയാൾക്കെതിരിൽ ദുആ ചെയ്തു. അല്ലാഹുവേ! ഇയാൾ കളവാണ് പറയുന്നതെങ്കിൽ, അയാളുടെ കാഴ്ചയില്ലാതാക്കേണമെ. അയാൾക്ക് ദീർഘായുസ് നല്കേണമേ. അയാളെ പരീക്ഷണത്തിൽ അകപ്പെടുത്തേണമേ.' ഇക്കാര്യങ്ങളെല്ലാം അയാൾക്ക് അനുഭവിക്കേണ്ടിവന്നു. (ജാമിഉൽഉലൂം വൽഹിക്മ്, ഫീ ശറഹി ഖംസീന ഹദീഥൻ, വാള്യം 2, പേജ് 350, മുഅസ്സസത്തുർരിസാല ബെയ്റുത്ത് 2001)

ഒരു നിവേദനത്തിൽ വരുന്നു. ഖയ്സ് ബിൻ അബീ ഹാസിം വിവരിക്കുന്നു, ഒരിക്കൽ ഞാൻ മദീനയിലെ ബാസാറിലൂടെ പോകുകയായിരുന്നു. ഞാൻ 'അഹ്ജാറുസ്സയുത്ത്' എന്ന സ്ഥലത്തെത്തി. ഒരാളുടെ അടുത്ത് ഒരു ജനക്കൂട്ടം കൂടിനില്ക്കുന്നത് കണ്ടു. അയാൾ യാത്രാവാഹനത്തിൽ ഇരുന്ന് ഹദ്റത്ത് അലിയെ ചീത്ത പറയുകയായിരുന്നു. ആയിടയിൽ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) അവിടെ വന്നു. അവരോടു ചോദിച്ചു, എന്താണുണ്ടായത്? ആളുകൾ പറഞ്ഞു, ഈയാൾ ഹദ്റത്ത് അലിയെ ചീത്ത പറയുകയാണ്. ഹദ്റത്ത് സഅ്ദ് മുന്നോട്ടു നീങ്ങിയപ്പോൾ ആളുകൾ വഴിമാറിക്കൊടുത്തു. അദ്ദേഹം അയാളുടെ മുമ്പിലെത്തിനിന്നു. അദ്ദേഹം ചോദിച്ചു, നീ എന്തിനാണ് ഹദ്റത്ത് അലിയെ ചീത്ത പറയുന്നത്? അദ്ദേഹം ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ച ആളല്ലേ? നബി(സ) തിരുമേനിയോടൊപ്പം ആദ്യമായി നമസ്കരിച്ച ആളല്ലേ അദ്ദേഹം? അദ്ദേഹം ആളുകളിൽ ഏറ്റവുമധികം മുത്തഖിയല്ലേ? അദ്ദേഹം ജനങ്ങളിൽ ഏറ്റവുമധികം അറിവുള്ള ആളല്ലേ? ഹദ്റത്ത് സഅ്ദ്(റ) വിവരിച്ചുകൊണ്ടേ പോയി. അദ്ദേഹം ചോദിച്ചു, നബി(സ)തിരുമേനി തന്റെ മകളെ വിവാഹം കഴിച്ചുകൊടുത്ത് അദ്ദേഹത്തിന് മരുമകൻ എന്ന പദവി നല്കിയില്ലേ? അദ്ദേഹം നബി(സ)തിരുമേനിയുടെ കൂടെ യുദ്ധങ്ങളിൽ പതാക പിടിച്ചു നടന്ന ആളല്ലേ? നിവേദകൻ പറയുന്നു, അതിനുശേഷം ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) ഗോത്രത്തിനു നേരെ മുഖം തിരിക്കുകയും ദുആ ചെയ്യാൻ കൈ ഉയർത്തുകയും ചെയ്തു: അല്ലാഹുവേ! ഇയാൾ നിന്റെ ഔലിയാക്കളിൽ ഒരാളായ ഒരു ഒലിയെ അതായത് ഹദ്റത്ത് അലിയെ ചീത്തകൾ വിളിച്ചുവെങ്കിൽ നീ അയാളെ ആളുകൾ പിരിഞ്ഞുപോകുന്നതിനുമുമ്പേ നിന്റെ ശക്തിപ്രഭാവത്തിന്റെ അടയാളമാക്കിയാലും. ഇത് മുസ്തദർക്കിൽ വന്നിട്ടുള്ള ഉദ്ധരണിയാണ്. നിവേദകൻ ഖയ്സ് പറയുന്നു, അല്ലാഹുവാണ! ഞങ്ങൾ അവിടെനിന്ന് പിരിഞ്ഞുപോയിരുന്നില്ല, അയാളുടെ യാത്രാവാഹനം അയാളെ താഴെയിട്ടു. അയാളുടെ തല അതിന്റെ കാലുകൾകൊണ്ട് കല്ലിലടിച്ചു. തല പൊട്ടുകയും അയാൾ മരിക്കുകയും ചെയ്തു.(അൽമുസ്തദർക് കിതാബുമഅ്രിഫത്തുസ്സഹാബ, ബാബു ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ),നിവേദനം 6121, വാള്യം 3, പേജ് 571–572, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2002)

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) എപ്രകാരം നബി(സ)തിരുമേനിയെ മദീന ഹിജ്റത്തിനുശേഷം രാത്രിയിൽ കാവൽനിന്നുവോ അതുപോലെയുള്ള മറ്റൊരു സംഭവം ഖൻദഖ് യുദ്ധത്തിന്റെ അവസരത്തിൽ കാണാൻ കഴിയുന്നുണ്ട്. അതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം വിവരിക്കുന്നു: ഹദ്റത്ത് ആഇശാ(റ) പറയുന്നു; ഖൻദഖ് യുദ്ധത്തിന്റെ അവസരത്തിൽ സ്വഹാബിമാരോടൊപ്പം നബി(സ)തിരുമേനിയും കാവൽ നിന്നിരുന്നു. തണുപ്പേറ്റ് ക്ഷീണിക്കുമ്പോൾ തിരിച്ചുവന്ന് എന്റെ കൂടെ പുതച്ചുകിടക്കുമായിരുന്നു. ശരീരം ചൂടുപിടിക്കുന്നതോടെ വീണ്ടും ഒഴിഞ്ഞ ഭാഗത്ത് പോയി കാവൽ നില്ക്കുമായിരുന്നു. ഇങ്ങനെ നിരന്തരം ഉറക്കമുണർന്നതിന്റെ ഫലമായി ഒരു ദിവസം പൂർണമായും അവിടന്ന് ക്ഷീണിച്ചു. രാത്രിയായപ്പോൾ പറഞ്ഞു: 'ഇപ്പോൾ ആത്മാർഥരായ മുസ്‌ലിമീങ്ങൾ ആരെങ്കിലുമുണ്ടായിരുന്നുവെങ്കിൽ എനിക്ക് സ്വസ്ഥമായി ഉറങ്ങാമായിരുന്നു.' അപ്പോൾതന്നെ പുറത്ത് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ ശബ്ദം കേട്ടു. നബി(സ) ചോദിച്ചു, എന്തിനാണ് വന്നിരിക്കുന്നത്? അദ്ദേഹം പറഞ്ഞു, അങ്ങയ്ക്ക് കാവൽ നിൽക്കുവാനാണ് വന്നിരിക്കുന്നത്. നബി(സ)തിരുമേനി പറഞ്ഞു: എനിക്ക് കാവലിന്റെ ആവശ്യമില്ല. നിങ്ങൾ കിടങ്ങ് ഇടിഞ്ഞ സ്ഥലത്തുപോയി മുസ്‌ലിമീങ്ങളുടെ സംരക്ഷണത്തിനു കാവൽ നിൽക്കുക. അങ്ങനെ സഅ്ദ് ആ സ്ഥലത്തു കാവൽ നിൽക്കുന്നതിനുവേണ്ടി പോവുകയും നബി(സ)തിരുമേനി അല്പനേരം ഉറങ്ങുകയും ചെയ്തു.' ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)നെക്കുറിച്ച് തുടർന്നുള്ള വിവരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്നും ഞാൻ ചില ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അവരെ ഇപ്പോൾ അനുസ്മരിക്കുന്നതായിരിക്കും. ആദ്യ വിവരണം മാസ്റ്റർ അബ്ദുസ്സമീഅ് ഖാൻ സാഹിബ് കാട്ടഗഡിയുടേതാണ്. ജൂലായ് 6ന് റബ്‌വയിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 1937–ൽ ഖാദിയാനിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അബ്ദുർറഹീം സാഹിബ് കാട്ടഗഡി ജമാഅത്തിന്റെ പഴയകാല സേവകരിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ചൗദരി അബ്ദുസ്സലാം ഖാൻ സാഹിബ് കാട്ടഗഡി 1903ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ കൈയിൽ ബയ്അത്ത് ചെയ്തു. അദ്ദേഹം സ്വഹാബിയായിരുന്നു. മാസ്റ്റർ സമീഅ് സാഹിബിന്റെ പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിൽ ആയിരുന്നു. പിന്നീട് വിഭജനമുണ്ടായി. മെട്രിക് ചെയ്തത് റബ്‌വയിൽ വന്നാണ്. അദ്ദേഹത്തിന്റെ മക്കളിൽ ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ മൂന്നുനാല് വർഷം മുമ്പേ വഫാത്തായിരുന്നു. 1960–ൽ ബി.എസ്.സി ചെയ്തതിനുശേഷം താൽക്കാലിക അധ്യാപകനെന്ന നിലയിൽ തഅ്ലീമുൽ ഇസ്‌ലാം സ്കൂളിൽ പഠിപ്പിക്കാൻ തുടങ്ങി. പിന്നീട് 1962 –ൽ ബി.എഡ് ചെയ്തു. സ്ഥിരാധ്യാപകനായി നിയമിതനായി. 1969–ൽ പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോറിൽനിന്ന് എം.എഡ് ചെയ്തു. അങ്ങനെ സീനിയർ അധ്യാപകനായി. 1972 –ൽ റബ്‌വ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായി നിയമിതനായി. പിന്നീട് സ്കൂൾ ദേശസാൽക്കരിക്കപ്പെട്ടു. 1970ൽ അത് നാഷണലൈസ്ഡ് സ്കൂളായിരുന്നതുകൊണ്ട് സർക്കാർ വെളിയിൽ തങ്ങളുടെ ഏതോ സ്കൂളിലേക്ക് അദ്ദേഹത്തെ സ്ഥലം മാറ്റി. അതിനുശേഷം വിവിധ സ്കൂളുകളിൽ അദ്ദേഹം പഠിപ്പിച്ചുകൊണ്ടിരുന്നു. 2005 മുതൽ 2009 വരെ സയീം അൻസ്വാറുല്ലാഹ് 2013 മുതൽ 2016 വരെ ഹൽഖ ദാറുർ റഹ്മത്ത് കിഴക്കൻ റബ്‌വയിൽ സ്വദ്ർ എന്നീ നിലകളിൽ സേവനത്തിന് തൗഫീഖ് കിട്ടി. ഇദ്ദേഹം സ്കൂളിൽ എന്റേയും ഉസ്താദായിരുന്നു. വളരെ നല്ല ശൈലിയിൽ പഠിപ്പിക്കുമായിരുന്നു. മൃദുഭാവം എപ്പോഴും മുഖത്തുണ്ടായിരുന്നു. നല്ലരീതിയിൽ മനസ്സിലാക്കിത്തരുമായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടും

**അല്ലാഹുവിന്റെ വചനം**

**"അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിനുവേണ്ടിയല്ലാതെ ഒരു റസൂലിനേയും നാം അയച്ചിട്ടില്ല."(4:65)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family,**
**Ahmadiyya Jama-ath Kakkanad, Kerala.**

**അല്ലാഹുവിന്റെ വചനം**

**"നിങ്ങൾ അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി." (3:133)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളും എപ്പോഴും ജമാഅത്തിനോടും ഖിലാഫത്തിനോടും ബന്ധപ്പെട്ടിരിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സയ്യിദ് മുജീബുല്ലാഹ് സ്വാദിഖ് സാഹിബിന്റേതാണ്. ഇദ്ദേഹം മെയ് 28ന് 83-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം സയ്യിദ് സ്വാദിഖ് അലി സാഹിബിന്റേയും സയ്യിദ് മഹ്ബൂബ് ആലം ബിഹാരി സാഹിബിന്റെ മകൾ സയ്യിദ സൽമാബീഗം സാഹിബയുടെയും മകനായിരുന്നു. കണ്ണ് തുറന്നത് ഖാദിയാനിലെ പരിശുദ്ധനാട്ടിലായിരുന്നു. ഖാദിയാനിലെ പരിശുദ്ധ അന്തരീക്ഷത്തിൽ വളർന്നു. അദ്ദേഹത്തിന്റെ പിതാവ് സയ്യിദ് സ്വാദിഖ് അലി സാഹിബ് സഹാറൻപൂർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ പരിശുദ്ധകൈയിൽ ബയ്അത്ത് ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. അദ്ദേഹത്തിന്റെ മാതാമഹൻ ഹദ്റത്ത് സയ്യിദ് മഹ്ബൂബ് ആലം സാഹിബ് ബിഹാരി വിഭജനകാലത്ത് 1947 സപ്തംബർ 19ന് ഖാദിയാനിൽ ഏതോ എതിരാളിയുടെ തോക്കിന്നിരയായി ശഹീദാകുകയായിരുന്നു. ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ മാതാമഹന്റെ സഹോദരൻ സയ്യിദ് മഹ്ബൂബ് ആലം സാഹിബ് അദ്ദേഹം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഓഡിറ്ററായിരുന്നു. അദ്ദേഹത്തിനും ബീഹാറിൽനിന്ന് നടന്ന് ഖാദിയാനിലെത്താനും ബയ്അത്ത് ചെയ്യാനും സൗഭാഗ്യം കിട്ടിയിരുന്നു. അദ്ദേഹത്തിന് ഇവിടെ യു.കെ.യിൽ Earlsfield ഹൽഖയിൽ സ്വദ്ർ ജമാഅത്ത് എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. റിട്ടയേർഡ് ചെയ്തതിനുശേഷം അമീർ സാഹിബ് യു.കെയുടെ ഓഫീസിൽ സന്നദ്ധസേവകനെന്ന നിലയിൽ 16 വർഷംവരെ സേവനം ചെയ്തുകൊണ്ടിരുന്നു. അത്യധ്വാനത്തോടെ തന്റെ ഡ്യൂട്ടികൾ നിർവഹിച്ചിരുന്നു. എപ്പോഴും അദ്ദേഹത്തിന്റെ മുഖത്ത് മൃദുഭാവം തളംകെട്ടിനിന്നിരുന്നു. നർമത്തിന്റെ പ്രകൃതമായിരുന്നു. ജോലികൾ വളരെ ശ്രദ്ധയോടെ ചെയ്തിരുന്നു. ഒരിക്കലും എവിടെയും ഇത്തരത്തിലുള്ള ഭാരം എടുക്കുമായിരുന്നില്ല. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുമായിരുന്നില്ല. മറ്റുള്ളവരുടെ ജോലിയും സ്വന്തം ചെയ്യാനു ള്ള ശ്രമമായിരുന്നു എവിടേയും കണ്ടിരുന്നത്. അദ്ദേഹത്തിന്റെ വിവാഹം റബ്വയിൽ റിട്ടയർഡ് സ്റ്റേഷൻ മാസ്റ്ററായ ബാബു മുഹമ്മദ് ആലം സാഹിബിന്റെ മകൾ ആഇശാ സാഹിബയുമായിട്ടായിരുന്നു. 1968-ൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്കും റബ്വയിൽ ലജ്നയുടെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യാൻ തൗഫീഖ് കിട്ടി. അദ്ദേഹത്തിന് രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമാണ്. ഡോക്ടർ കലീമുല്ലാഹ് സ്വാദിഖ് സാഹിബ് എം.ടിഎ യിൽ ഒരുപാട് സന്നദ്ധസേവനം ചെയ്തുവരുന്നു. അദ്ദേഹം തഹജ്ജുദ് നമസ്കരിക്കുന്ന ആളായിരുന്നു. ഉംറ ചെയ്യുന്നതി നുപോയി. മുട്ടിന് കഠിനമായ ബുദ്ധിമുട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. അദ്ദേഹത്തിന് വീൽചെയർ ലഭ്യമാക്കിയിട്ടും അദ്ദേഹം പറഞ്ഞു. ഞാൻ ഉംറയുടെ പ്രതിഫലമെടുക്കാ ൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നടന്നുത ന്നെ പോകുന്നതായിരിക്കും. ഇപ്രകാരം ചന്ദ കൊടുക്കുന്നതിൽ വലിയ ചിന്തയായിരുന്നു എപ്പോഴും. അദ്ദേഹത്തിന്റെ മകളും മറ്റുള്ളവരും എനിക്ക് കത്തെഴുതിയിട്ടുണ്ട്, അവയിൽ അദ്ദേഹത്തിന്റെ ഉത്കൃഷ്ട സ്വഭാവങ്ങൾ വിവരിച്ചിട്ടുണ്ട്. കുട്ടികൾ സവിശേഷതകൾ പറയുകതന്നെ ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ മക്കൾ മാശാഅല്ലാഹ് ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരാണ്. ഇതിൽനിന്ന് അദ്ദേഹം ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള സ്നേഹം കുട്ടികളുടെ മനസ്സിൽ ഉണ്ടാക്കിയെന്ന് വ്യക്തമാണ്. ഉന്നതനിലയിൽ ശിക്ഷണം നല്കി. പക്ഷേ, നബി(സ)തിരുമേനി പറഞ്ഞതുപോലെ മനുഷ്യന്റെ അയൽവാസിയും ബന്ധപ്പെട്ടവരുമാണ് അവന്റെ സ്വഭാവത്തിന്റെ യഥാർഥ സാക്ഷികൾ; അവരാണ് അവന്റെ നന്മകളെ സാക്ഷ്യപ്പെടുത്തുന്നത്. ഇക്കാര്യം മുജീബുല്ലാഹ് സ്വാദിഖ് സാഹിബിൽ യഥാർഥത്തിൽ അന്വർഥമാകുന്നു. അദ്ദേഹത്തിന്റെ അമുസ്ലിം അയൽവാസികൾ അദ്ദേഹത്തിന്റെ വേർപാടിൽ വളരെ ദുഃഖിതരായിരുന്നു. അവരേയും അദ്ദേഹം സേവിച്ചുകൊണ്ടിരുന്നു. തന്റെ കുട്ടികളെക്കൊണ്ടും അവർക്ക് സേവനം ചെയ്യിച്ചിരുന്നു. ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ ഓഫീസിൽ, കൂടെ ജോലി ചെയ്യുന്നവർ എല്ലാവരും അദ്ദേഹത്തിന്റെ സൽപെരുമാറ്റത്തേയും ജോലിയിലുള്ള താൽപര്യവും ഗൗരവവും അതിനോടൊപ്പം എല്ലാ ജോലിക്കാരേയും സേവിക്കുന്നതിന്റേയും പ്രത്യേകത സ്മരിക്കുന്നുണ്ട്. ജോലിയും ചെയ്തിരുന്നു. ജനങ്ങളെ സേവിക്കുകയും ചെയ്തിരുന്നു. ആരെയെങ്കിലും ചായ കുടിപ്പിക്കുന്നുവെങ്കിൽ സ്വയം കുടിപ്പിച്ചിരുന്നു. ഞാൻ കഴിഞ്ഞവർഷം ഇസ്ലാമാബാദിലേക്ക് മാറിയപ്പോൾ, ഇനി എല്ലാ ആഴ്ചയും അങ്ങയുടെ പിന്നിൽ ഞങ്ങളെങ്ങനെ നമസ്കരിക്കും എന്ന ചിന്തയിലായിരുന്നു. അദ്ദേഹം അത് നേരിട്ട് എന്നോട് പറയുകയും ചെയ്തിരുന്നു. കൂടുതൽ ജുമുആയും ബയ്ത്തുൽ ഫുതൂഹിൽ തന്നെയായിരിക്കുമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞ് സമാധാനിപ്പിക്കുകയും ചെയ്തിരുന്നു. ഇസ്ലാമാബാദിലുള്ളപ്പോൾ അവിടേയും വരാമല്ലോ? ഇക്കാര്യം കേട്ടപ്പോഴാണ് അദ്ദേഹത്തിന്റെ മുഖത്ത് പ്രകാശം തെളിഞ്ഞത്. ഇതുകൊണ്ടാണ് അദ്ദേഹം തന്റെ മക്കളെ മസ്ജിദിന്റെ അടുത്തുവെക്കുന്നതിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിയിന്റെ ഹിജ്റത്തിനുശേഷം മസ്ജിദ് ഫള്ലിന്റെ അടുത്ത് വീടെടുത്തത്. എല്ലാ ദിവസവും ഒരു മണിക്കൂർ ദൂരത്ത് ജോലിക്കുപോകുമായിരുന്നു. കുട്ടികൾ മസ്ജിദുമായി ബന്ധപ്പെട്ടിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. ദൂരത്തായ കാരണത്താൽ ജുമുഅ എങ്ങനെയാണ് നമസ്കരിക്കുക എന്ന ചിന്ത എപ്പോഴും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങേയറ്റം ആത്മാർഥനും സാത്വികനുമായിരുന്നു. വലിയ കൂറോടുകൂടി അദ്ദേഹം തന്റെ ജീവിതം കഴിച്ചു. ആ കൂറ് തന്റെ മക്കളിലും ഉണ്ടാക്കാൻ ശ്രമിച്ചു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടും പെരുമാറട്ടെ. അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും എപ്പോഴും അദ്ദേഹത്തിന്റെ ആഗ്രഹംപോലെ ഖിലാഫത്തിനോടും ജമാഅത്തിനോടും എന്നല്ല അതിനെക്കാളുപരി ബന്ധപ്പെട്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. സമാധാനത്തിന്റേയും ശാന്തിയുടേയും സാഹചര്യം ഉണ്ടാക്കുമാറാകട്ടെ.

മൂന്നാമത്തെ ജനാസ നമ്മുടെ പഴയ ഉദ്യോഗസ്ഥനും അസീറാനെ രാഹെ മൗലായുമായ റാണ നയീമുദ്ദീൻ സാഹിബിന്റേതാണ്. അദ്ദേഹത്തെ കുറിച്ച് ഞാൻ മുമ്പേയും പറഞ്ഞുകഴിഞ്ഞതാണ്. കഴിഞ്ഞയാഴ്ച വിട്ടുപോയിരുന്നു. അദ്ദേഹത്തിന്റെ ജനാസയും ഈ ജനാസകളിൽ ഉൾപ്പെടുന്നതായിരിക്കും. അത് ഞാൻ ജുമുഅയ്ക്കുശേഷം നമസ്കരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്. അല്ലാഹു ഇവരോടെല്ലാം മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ.

ബദ്ർ കഴിഞ്ഞ ലക്കത്തിൽ നിന്നുമുള്ള ബാക്കി ഭാഗം

## ഖുത്ബ ജുമുഅ 2020 ജൂലായ് 10

ഓർക്കുമായിരുന്നെങ്കിലും ഒപ്പം അല്ലാഹുവിന്റെ വലിയ കൃപയാണെന്നും അവൻ എന്റെ ശാഖകൾ ലോകത്തിന്റെ മുക്കിലും മൂലയിലും വ്യാപിപ്പിച്ചു എന്നും പറയുമായിരുന്നു. സന്തപ്ത കുടുംബത്തിൽ ആറ് പുത്രന്മാരും ഒരു പുത്രിയും പൗത്രന്മാരും പൗത്രിമാരും ദൗഹിത്രന്മാരും ദൗഹിത്രിമാരുമുണ്ട്. അവരുടെ മൂത്തമകൻ രിയാള് അഹ്മദ് ഡോഗർ സാഹിബ് ടാൻസാനിയായിൽ ജമാഅത്തിന് സേവനം ചെയ്യുന്നു. അദ്ദേഹത്തിനും ഇപ്പോഴത്തെ അവസ്ഥകാരണത്താൽ ജനാസയിലും ഖബറടക്കത്തിലും പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു അവർക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. സഹനശക്തി നല്കുമാറാകട്ടെ. അവരുടെ ഒരു ദൗഹിത്രൻ അദീൽ അഹ്മദ് ഡോഗർ പാക്കിസ്താനിൽ മുറബ്ബി എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു. ഒരു പൗത്രൻ അസീസം ഇയാസ് അഹ്മദ് ഡോഗർ ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യാ ഘാനയിൽ അഞ്ചാംക്ലാസിൽ (ദർജ ഖാമിസ) വിദ്യാർഥിയാണ്. അല്ലാഹു പരേതയോട് മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇപ്രകാരംതന്നെ ഇന്ന് ഞാൻ കഴിഞ്ഞ ഖുത്ബകളിൽ പറയുകമാത്രം ചെയ്തതും അവസ്ഥകൾ കാരണത്താൽ നമസ്കരിപ്പിക്കാൻ സാധിക്കാതെ വന്നവരേയും അവരിൽ നാസിർ സയീദ് സാഹിബുമുണ്ട്, ഗുലാം മുസ്തഫാ സാഹിബുമുണ്ട്, ഇസ്ലാമാബാദിലെ ഡോക്ടർ നഖിയ്യുദ്ദീൻ സാഹിബുമുണ്ട്, ദുൽഫിഖാർ സാഹിബ് മുറബ്ബി ഇന്തൊനേഷ്യയുമുണ്ട്, ഇവരേയും ഉൾപ്പെടുത്തുകയാണ്. അല്ലാഹു ഇവരോടെല്ലാം മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 1ൽനിന്ന്)**

മാത്രമാണ് അനുവദനീയമായിട്ടുള്ളത്. ഒരാൾക്ക് എഴുന്നേറ്റുനിന്ന് നമസ്കരിക്കാൻ സാധിക്കാതെ വന്നാൽ അയാൾക്ക് ഇരുന്നു നമസ്കരിക്കാൻ അനുവാദമുണ്ട്. എഴുന്നേറ്റുനിന്ന് നമസ്കരിക്കാൻ കഴിവുള്ളവൻ ഇരുന്നു നമസ്കരിക്കുകയാണെങ്കിൽ തീർച്ചയായും അവൻ പാപിയായിരിക്കും. ഇതുപോലെ ജമാഅത്തായി നമസ്കരിക്കാൻ സൗകര്യമുണ്ടായിട്ടും ജമാഅത്തായി നമസ്കരിക്കുന്നില്ലെങ്കിൽ അവൻ പാപിയായിരിക്കും. ഇക്കാലത്ത് ജമാഅത്തായി നമസ്കരിക്കാൻ അവസരമുണ്ടായിട്ടും ധാരാളമാളുകൾ അതിൽ വീഴ്ച വരുത്തുന്നതായി കാണാം. നമസ്കാരം കഴിയുന്നതുവരെ സംസാരിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് നമസ്കാരം കഴിഞ്ഞുപോയെന്ന് പറഞ്ഞ് ഖേദിക്കുന്നു. അവർ വളരെ സൂക്ഷ്മതയോടെ പ്രവർത്തിക്കേണ്ടതാണ്. കാരണം അവർ നിസാരമായ അശ്രദ്ധകൊണ്ട് വളരെ വലിയ പുണ്യത്തിൽനിന്നാണ് പിന്തള്ളപ്പെടുന്നത്. (തഫ്സീറെ കബീർ, വാള്യം 1, പേജ് 105, പ്രസാധനം ഖാദിയാൻ 2010)

(പേജ് 2ൽനിന്ന്)

പ്പെടുത്തുകയായിരുന്നു. വെറും ചോദ്യങ്ങൾ ചോദിച്ച് എതിരാളിയുടെ വായടപ്പിക്കാം എന്നുദ്ദേശ്യത്തോടെയാണ് അദ്ദേഹം വന്നതെന്ന് തോന്നുന്നു. അത്തരം ഒരു ആക്ഷേപം മുരളിധർ സാഹിബ് ഉന്നയിച്ചത് ഇതാണ്:

'മിർസാ സാഹിബ് തന്റെ വിശ്വാസം ഓർമിക്കുക. മനുഷ്യൻ മരിച്ചതിനുശേഷം മോക്ഷം പ്രാപി ച്ച് സ്വർഗത്തിലെ ഒരു വീട്ടിൽ താമസിക്കുമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുള്ളതാണ്. അവിടെ നല്ല പൂന്തോട്ടം ദൈവം വെച്ചുപിടിപ്പിച്ചിട്ടുണ്ട്. നല്ല നല്ല സ്ത്രീകളോ ഹൂരീകളോ അവിടെ ഉണ്ട്. മദ്യത്തിന്റെ നദികൾ ഒഴുകുന്നുണ്ട്. ചുരുക്കത്തിൽ മോക്ഷം പ്രാപിച്ച അവസ്ഥയിലും അവിടെ ഭൗതിക സാധനങ്ങളുണ്ട്. അതിനെക്കാളുപരി ഒന്നുമില്ല. എന്നല്ല ഇവിടെ നിരോധിക്കപ്പെട്ട കാര്യങ്ങളും അവിടയുണ്ടാകും. ഉദാഹരണത്തിന് മദ്യവും ധാരാളം സ്ത്രീകളും.'(Ibid പേജ് 150)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനുള്ള മറുപടിയിലെഴുതി: 'മുസ്‌ലിമീങ്ങളുടെ സ്വർഗത്തിൽ ഭൗതികമായ അനുഗ്രഹങ്ങളുമുണ്ടാകും എന്ന താങ്കളുടെ ആക്ഷേപം, ആക്ഷേപകരമായ കാര്യമൊന്നുമല്ല. എന്നല്ല അതു മുഖേന താങ്കളും താങ്കളുടെ പരമേശ്വരനും വളരെയധികം ലജ്ജിക്കേണ്ടതാണ്. കാരണം മുസ്‌ലിമീങ്ങളുടെ സർവശക്തനും സമ്പന്നനുമായ ദൈവം ശാശ്വതവും അനശ്വരവുമായ നിലയിൽ എല്ലാം തന്റെ അതിരറ്റ ഖജനാവുകളിൽനിന്ന് പരലോകത്ത് വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് പ്രദാനം ചെയ്തിരിക്കുന്നു. ആത്മീയവും ശാരീരികവുമായ രണ്ടുതരത്തിലുള്ള അനുഗ്രഹങ്ങളും ലഭ്യമാക്കിയിരിക്കുന്നു. അവന്റെ സത്യവാന്മാരായ ആരാധകർ ഈ ലോകത്ത് റൂഹുകൊണ്ടുമാത്രം അവനുമായി ബന്ധം വെക്കുകയും അനുസരിക്കുകയും ചെയ്യുകയില്ലെന്ന് അവനറിയാമായിരുന്നു. മറിച്ച് റൂഹും ശരീരവും രണ്ടുംകൊണ്ട് ബന്ധം വെക്കുന്നതായിരിക്കും. മനുഷ്യസൃഷ്ടിപ്പിന്റെ ശ്രേഷ്ഠത കേവലം റൂഹുകൊണ്ട് ഉണ്ടാകുകയില്ല. റൂഹിന്റേയും ശരീരത്തിന്റേയും കൂടിച്ചേരലും കൂടിക്കലരുംകൊണ്ടാണ് ഉണ്ടാകുന്നത്. അതുകൊണ്ട് അനുസരിക്കുന്നവരെ സൗഭാഗ്യത്തിന്റെ പൂർണതവരെ എത്തിക്കുന്നതിനും പ്രതിഫലം നല്കുന്നതിനുംവേണ്ടി അവൻ അനശ്വരമായ മോക്ഷത്തിന്റെ ആനന്ദാനുഭൂതികളെ രണ്ടുതരത്തിൽ ചേർത്തുവച്ചു. തന്റെ സ്നേഹപരമായ ദർശനത്തിന്റെ ആനന്ദങ്ങളും അവർക്കു നല്കി, തന്റെ മറ്റു അനുഗ്രഹങ്ങളും മഴപോലെ അവരിൽ വർഷിച്ചു. ചുരുക്കത്തിൽ ആ സർവശക്തനായവന്റെ ദിവ്യശക്തികൾക്കും മഹത്ത്വങ്ങൾക്കും അതിരറ്റ കാരുണ്യങ്ങൾക്കും ചേർന്ന വിധം പ്രവൃത്തിച്ചു കാണിച്ചു. പക്ഷേ, താങ്കളുടെ പരമേശ്വർ ദരിദ്രനും നിർധനനുമായി പുറത്തുവന്നു. തന്റെ താഴ്മയും നിർധനതയും പാപ്പരത്തവും കഴിവില്ലായ്മയും അധികാരമില്ലായ്മയും കാരണത്താൽ നിങ്ങളെ ഒരു സ്ഥലത്തും താമസിപ്പിക്കാനും പരമേശ്വരന് കഴിഞ്ഞില്ല. അനശ്വരമായ ആനന്ദാനുഭൂതികളും നല്കാനായില്ല. ആത്മീയാനുഗ്രഹങ്ങളും ഭൗതികാനുഗ്രഹങ്ങളും ഒന്നും എന്നെന്നേക്കുമായി തരാൻ കഴിഞ്ഞില്ല......അങ്ങനെയുള്ള പിശുക്കനും അശക്തനും വിവരമില്ലാത്തവനുമായ പരമേശ്വരനോടു സ്നേഹമുണ്ടാകുമോ? തികഞ്ഞ പരിശുദ്ധിയോടെ ഏതെങ്കിലും മനസ്സ് അവനിലേക്ക് മടങ്ങുമോ? ഒരിക്കലുമില്ല. പ്രത്യുത അവന്റെ ശക്തിയുടേയും ധർമത്തിന്റേയും ആദരവിന്റേയും യാഥാർഥ്യം പരസ്യമാകുമ്പോൾ ജപതാപങ്ങൾ ചെയ്യുന്ന ഭക്തരുടെ ആത്മാക്കൾ വളരെയേറെ ദുഃഖിക്കുകയും ലജ്ജിക്കുകയും ചെയ്യുന്നവരായിത്തീരും. ഇതാണോ പരമേശ്വരനെന്നും ഇതാണോ അവന്റെ മുക്തിയെന്നും തങ്ങൾ എന്തിന് അനാവശ്യമായി തലമുട്ടിച്ചാരാധിക്കണം എന്നും ചിന്തിച്ചുപോകും. മോക്ഷഗ്രഹത്തിൽനിന്ന് പുറത്തുകൊണ്ടുവരുന്നനേരത്ത് അവർ തീർച്ചയായും ഈ കവിതയുടെ വിഷയം കരഞ്ഞു കരഞ്ഞുചൊല്ലുന്നുണ്ടാകും:

*അബ് തൊ കുച്ഛ് സമജ് കെ ജാൻ*
*തുജ് പെ കരേംഗെ ഖുർബാൻ*
*ഹം തൊ ഇസ് റോസ് കൊ*
*പശ്ചാത്തെ ഹൈ ജബ് ദിൽഹി ദിയാ*

'ഇനി കുറച്ചു കാര്യങ്ങൾ മനസ്സിലാക്കി മാത്രമെ നിന്നിൽ ജീവൻ ബലിയാക്കുകയുള്ളു. മനസ്സ് നിനക്കു നല്കിയ ആ ദിവസത്തെ ഓർത്ത് നാം ഇപ്പോൾ പശ്ചാത്തപിക്കുകയാണ്...........ഒരു പാപം ചെയ്തതിന് ആയിരക്കണക്കിന് ലക്ഷക്കണക്കിന് പുനർജന്മങ്ങളുടെ ശിക്ഷ അനുഭവിക്കേണ്ടിവരിക. ഇമവെട്ടുന്ന സമയംപോലും ദൈവത്തിൽനിന്ന് അശ്രദ്ധനായാൽ പാപിയായിത്തീരുക. അപ്പോൾപ്പിന്നെ മുക്തി കൈവരിക്കാനുള്ള മാർഗം എന്താണ് ബാക്കിയുള്ളത്? അതുകൊണ്ട് നിങ്ങൾ യഥാർഥ അവസ്ഥ ചിന്തിക്കുകയാണെങ്കിൽ നിങ്ങളുടെ നിരാശാവസ്ഥ കണ്ട് അലമുറയിട്ടു കരയുകയും ദുഃഖത്തിലിരിക്കുകയും ചെയ്യുക. കാരണം പരമേശ്വരൻ ഒരു തരത്തിലുള്ള മുക്തിനല്കിക്കൊണ്ട് നിങ്ങൾക്ക് മറുപടി തന്നു. കാരണം 'ഒമ്പത് മന്ന് എണ്ണയുമുണ്ടാകുകയില്ല, രാധാ ഡാൻസു ചെയ്യുകയുമില്ല.' (Ibid പേജ് 151)

ഹദ്റത്ത് മസീഹ് മൗഊദ്(അ), ലാല മുരളീധർ സാഹിബിന് നൂറു രൂപയുടെ ഇനാം പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു: 'മാസ്റ്റർ സാഹിബ് ആക്ഷേപംകൊണ്ടുദ്ദേശിക്കുന്നത് ഇസ്‌ലാമിക സ്വർഗത്തിൽ ഭൗതികാനുഗ്രഹങ്ങൾ മാത്രമാണ് പറയുന്നതെന്നും ദൈവത്തെ കണ്ടുമുട്ടുന്നതിനേയും ആത്മീയമായ ആനന്ദങ്ങളേയും കുറിച്ച് എവിടെയും പറയുന്നില്ലെന്നുമാണെങ്കിൽ ഈ കലഹത്തിന് പരിഹാരം തീരുമാനിക്കുന്നതിന് ഇങ്ങനെയൊരു നല്ല മാർഗം മനസ്സിലാക്കുന്നുണ്ട്, മാസ്റ്റർ സാഹിബ് ഏതെങ്കിലും പത്രം മുഖേന തന്റെ അഭിപ്രായം ഇതുതന്നെയാണെന്ന്, അതായത് വിശുദ്ധ ഖുർആനിൽ ദൈവത്തെ കണ്ടുമുട്ടുന്നതിനെ കുറിച്ചും ആത്മീയാനുഭൂതികളെക്കുറിച്ചും എവിടേയും പറയുന്നില്ല, എന്നാൽ വേദത്തിൽ അതിനെ കുറിച്ച് ഒരുപാട് പറയുന്നുണ്ടെന്ന് ഉറപ്പോടുകൂടി നമ്മെ അറിയിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ നാം വാഗ്ദാനം ചെയ്യുന്നു, കേവലം മൂന്നോ നാലോ ആഴ്ചക്കുള്ളിൽ ഇതിനെ കുറിച്ച് വേദവും ഖുർആനും തമ്മിൽ താരതമ്യം ചെയ്തു നോക്കുന്നതിന് ഒരു ലഘുലേഖ തയ്യാറാക്കി എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതായിരിക്കും. സമ്മാനമെന്ന നിലയിൽ നൂറുരൂപ പ്രശസ്തനും പണ്ഡിതനുമായ ആര്യസമാജക്കാർക്ക് സാഹോദര്യബന്ധമുള്ള ഒരു ബ്രഹ്മു സാഹിബിന്റെ അടുക്കൽ അമാനത്തായി വെക്കുന്നതായിരിക്കും. പിന്നീട് മാസ്റ്റർ സാഹിബ് വെളിപാടു ഗ്രന്ഥമെന്ന് മനസ്സിലാക്കുന്ന നാലു വേദങ്ങളിലെ സ്തുതി ഗീതങ്ങളിൽനിന്ന്, മോക്ഷപ്രാപ്തർക്ക് കരസ്ഥമാകുന്ന ആത്മീയാനുഭൂതികളേയും ദൈവത്തെ കണ്ടുമുട്ടുന്നതിനേയും കുറിച്ച് വിശുദ്ധ ഖുർആനുമായി തട്ടിച്ചുനോക്കി കാണിക്കുക. ആ ബ്രഹ്മസമാജക്കാരൻ അതിനെ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ആ നൂറുരൂപ മാസ്റ്റർ സാഹിബിന്റേതായിരിക്കും. ഇല്ലെങ്കിൽ ഈ നൂറുരൂപയല്ലാതെ മറ്റൊന്നും നാം മാസ്റ്റർ സാഹിബിനോടു ചോദിക്കുകയില്ല. നിബന്ധന ഇതുമാത്രമാണ് പരാജയപ്പെടുന്ന അവസ്ഥയിൽ അദ്ദേഹത്തെ ആവർത്തിച്ച് നാണംകെടുത്തിക്കൊണ്ടിരിക്കുന്ന വേദങ്ങളിൽനിന്ന് പിന്മാറി ഇസ്‌ലാമിന്റെ സത്യമാർഗം സ്വീകരിക്കുക. ഈ ലഘുലേഖ പ്രസിദ്ധീകരിച്ചതിനുശേഷം ഒരു മാസംവരെ മാസ്റ്റർ സാഹിബ് മൗനം അവലംബിക്കുകയും ഏതെങ്കിലും പത്രത്തിലോ സ്വന്തം ലഘുലേഖയിലോ പ്രസദ്ധീകരിക്കാതിരിക്കുകയും ചെയ്താൽ വായനക്കാരേ! അയാൾ ഓടിക്കളഞ്ഞുവെന്ന് മനസ്സിലാക്കുക."(Ibid പേജ് 155)

ഇൻശാഅല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയുമായി വീണ്ടും കാണാം. (മൻസ്വൂർ അഹ്മദ് മസ്റൂർ)

---

★ *(സോക്കയ്ത്ത് സംസ്ഥാനക്കാരനായ രാജാ രൂദർ സീൻസാഹിബിന്റെ മകൻ മിയാൻ ശത്രുഘൻ സാഹിബ്, (ഇപ്പോൾ ഈ സ്ഥലം ഹിമാചൽപ്രദേശ് സംസ്ഥാനത്തിലെ മണ്ടി ജില്ലയിലാണ്)ആ ദിനങ്ങളിൽ ഹോശിയാർപൂരിൽ വന്നതാണ്, യോഗത്തിൽ പങ്കെടുത്തിരുന്നു)*

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

(പേജ് 1ൽനിന്ന്)

തവ്യയം ചെയ്യുന്നവൻ തന്റെ ധനം പാഴാക്കിക്കളയുന്നു. എന്നാൽ, ദൈവമാർഗത്തിൽ ചെലവഴിക്കുന്നവൻ അത് വീണ്ടും പ്രാപിക്കുന്നു. ചെലവിനെക്കാൾ കൂടുതൽ പ്രാപിക്കുന്നു. അതുകൊണ്ടുതന്നെയാണ് **മിമ്മാ റസഖ്നാഹും യുൻഫിഖൂൻ** എന്ന് പറഞ്ഞത്.

കാര്യമെന്താണെന്നുവച്ചാൽ 'സ്വലാഹി'ന്റെ അവസ്ഥയിൽ മനുഷ്യനു നിർബന്ധമായി വരുന്നത് എല്ലാ തരത്തിലുള്ള കുഴപ്പങ്ങളിൽനിന്നും അത് വിശ്വാസപരമായാലും വേണ്ടില്ല കർമപരമായാലും വേണ്ടില്ല പരിശുദ്ധമായിരിക്കണമെന്നതാണ്. മനുഷ്യന്റെ ശരീരം സ്വലാഹിയ്യത്തിന്റെ അവസ്ഥയിലിരിക്കുന്നത് ത്രിദോഷമെല്ലാം(പിത്തം വാതം കഫം)മധ്യാവസ്ഥയിലായിരിക്കുമ്പോഴാണ്. ഒന്നും, കൂടിയും കുറഞ്ഞും ഇരിക്കാൻ പാടില്ല. ഏതെങ്കിലുമൊന്ന് കൂടിയാൽ ശരീരം രോഗിയായിത്തീരുന്നു. ഇപ്രകാരം ആത്മാവിന്റെ സ്വലാഹിയ്യത്തിന്റെ അച്ചുതണ്ടും മധ്യാവസ്ഥയിലാണ്. വിശുദ്ധ ഖുർആന്റെ സാങ്കേതികാർഥത്തിൽ അതിന്റെ പേരാണ് അസ്സ്വിറാത്തൽമുസ്തഖീം. സ്വലാഹിന്റെ അവസ്ഥയിൽ മനുഷ്യൻ അല്ലാഹുവിന്റേതുമാത്രമായിത്തീരുന്നു; ഹദ്റത്ത് അബൂബക്കറിന്റെ അവസ്ഥപോലെ. പതുക്കെപ്പതുക്കെ സ്വാലിഹായ മനുഷ്യൻ അഭിവൃദ്ധിപ്പെട്ട് 'മുത്വ്മഇന്നാ'യുടെ സ്ഥനത്ത് എത്തിച്ചേരുന്നു. ഇവിടെത്തന്നെയാണ് അവന്റെ ഹൃദയം വികസപ്പിക്കപ്പെടുന്നത്. നബി(സ)തിരുമേനിയെ സംബോധന ചെയ്ത് **അലം നശ്റഹ് ലക്ക സ്വദ്റക്ക** (നാം നിനക്ക് നിന്റെ ഹൃദയത്തെ വികസിപ്പിച്ചു തന്നില്ലേ)എന്നു പറഞ്ഞതുപോലെ! ഹൃദയവികാസത്തിന്റെ അവസ്ഥയെ വാക്കുകളിൽ നമുക്ക് വിവരിക്കാൻ സാധിക്കുകയില്ല. (മൽഫൂദാത്ത് വാള്യം 1 പേജ് 171-172, പ്രസാധകർ ഖാദിയാൻ 2018)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

*(2015-ലെ യൂറോപ്പ് പര്യടന റിപ്പോർട്ടിന്റെ തുർച്ചയ്ക്കായി 2018 സെപ്റ്റംബർ 27-ലെ ബദ്ർ ഉർദു പതിപ്പ് നോക്കുക. ഹുദൂറിന്റെ പുതിയ റിപ്പോർട്ട് ലഭ്യമായാൽ കഴിഞ്ഞ റിപ്പോർട്ട് മാറ്റിവച്ച് പുതിയ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതായിരിക്കും-പത്രാധിപർ)*

## 2015 ഒക്ടോബർ 11 ഞായറാഴ്ച

അൽജീരിയായിൽനിന്നുവന്ന ഒരു സ്നേഹിതൻ പറഞ്ഞു: എന്റെ പേര് മുറാദ് എന്നാണ്. അഹ്മദിയ്യത്തിന്റെ സന്ദേശം ഫ്രാൻസിൽ എങ്ങനെ പ്രചരിപ്പിക്കണമെന്നതിനെ സംബന്ധിച്ച് മാർഗദർശനം നല്കിയാലും.

ഹുദൂർ അൻവർ: ഇക്കാലഘട്ടത്തിൽ അല്ലാഹു സ്വയമേവ ഒരു കാറ്റ് വീശിപ്പിച്ചിരിക്കുകയാണ്. ലോകത്ത് ഇസ്ലാമിനോടുള്ള താൽപര്യം വർധിച്ചിരിക്കുന്നു. ഇസ്ലാമിലേക്ക് ലോകത്തിന്റെ ശ്രദ്ധ പതിഞ്ഞു കൊണ്ടിരിക്കുന്നു. ലോകം സംസാരിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാം പണ്ഡിതന്മാരുടെ വഴികേടിലായ ഇസ്ലാമാണ്. യഥാർഥ ഇസ്ലാം എന്താണെന്ന് നമ്മൾ ഇപ്പോൾ ജനങ്ങളോട് പറയേണ്ടിയിരിക്കുന്നു. ഇസ്ലാം നല്കുന്ന സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അധ്യാപനങ്ങളാണ് ആദ്യം വിവരിക്കേണ്ടത്. പ്രാഥമികമായി ശാന്തിയും സമാധാനവും എന്താണെന്നും വിവരിക്കുക. അത് പ്രാപിക്കാൻവേണ്ടി നമ്മൾ എന്താണ് ചെയ്യേണ്ടത്? ഇതു വിഷയകമായുള്ള ലക്ഷക്കണക്കിന് ലീഫ്ലെറ്റുകൾ വിതരണം ചെയ്യേണ്ടതാണ്. ഇതിനുശേഷം ഒരു പുതിയ ലീഫ്ലെറ്റ് തയ്യാറാക്കുക. അതിൽ വിശുദ്ധഖുർആനിന്റേയും ഹദീഥിന്റേയും വാഗ്ദത്ത മസീഹിന്റേയും ചെറിയ ഉദ്ധരണികൾ ചേർക്കുക. വാഗ്ദത്ത മസീഹിന്റെ സന്ദേശവും അതിൽ ഉൾപ്പെടുത്തേണ്ടതാണ്. സമാധാന സ്ഥാപനത്തിനുവേണ്ടി ജമാഅത്തു നടത്തുന്ന ശ്രമങ്ങളെ കുറിച്ചും അതിൽ പ്രതിപാദിക്കണം. രണ്ടു പേജുള്ള ഒരു പാംഫ് ലെറ്റാണ് തയ്യാറാക്കേണ്ടത്. അതായത് പേജിന്റെ ഇരുപുറവും ഉപയോഗിക്കുക. ഇതും ലക്ഷക്കണക്കിന് വിതരണം ചെയ്യേണ്ടതാണ്.

കൂടാതെ ഇലക്ട്രോണിക് മീഡിയയും പ്രസ്സുമുണ്ട്. അതുമായി വ്യക്തി ബന്ധമുണ്ടാക്കുക. ഇതു മുഖേനയും സന്ദേശം വ്യാപിപ്പിക്കേണ്ടതാണ്. ലീഫ്ലെറ്റുകളുടെ വിതരണത്താലും മീഡിയ മുഖേന സ്ഥാപിക്കുന്ന ബന്ധം മുഖേനയും ഇസ് ലാമിന്റെ കൂടുതൽ കാര്യങ്ങൾ അവരിലേക്ക് എത്തിക്കാൻ ശ്രമിക്കേണ്ടതാണ്.

ഏറ്റവും അനിവാര്യമായ കാര്യം മുസ്ലിമീങ്ങളുടെ പ്രവർത്തന രീതിയാണ്. ഈ രീതി കാരണത്താൽ ലോകം ഇസ്ലാമിനെ സംബന്ധിച്ച് ഭീതിയിലാണുള്ളത്. ഈ ഭയത്തെ നീക്കുവാൻ സ്വന്തം പ്രവർത്തന മാതൃക സ്ഥാപിക്കേണ്ടതാണ്. ജനങ്ങൾ നിങ്ങളുടെ പ്രവൃത്തി കണ്ട് നിങ്ങളിലേക്ക് തിരിയണം. ചുരുങ്ങിയത് നിങ്ങളെപ്പറ്റി അറിയുന്നിടത്ത്, നിങ്ങൾക്കു ബന്ധമുള്ളിടത്ത് ജനങ്ങൾ നിങ്ങളുടെ അടുത്തുവരും.

പ്രസിദ്ധീകരിക്കുന്ന ലീഫ്ലെറ്റിൽ മിഷൻഹൗസിന്റെ വേൽവിലാസം കൊടുക്കേണ്ടതാണ്. വെബ്സൈറ്റ് അഡ്രസും നല്കേണ്ടതാണ്. ഇപ്രകാരം ലക്ഷക്കണക്കിനു പേരിലേക്ക് ഈ സന്ദേശം എത്തുകയും ജനങ്ങൾ നിങ്ങളുമായി ബന്ധപ്പെടുകയും ചെയ്യുന്നതായിരിക്കും.

വാഗ്ദത്ത മസീഹ്(അ), അദ്ദേഹത്തിന്റെ ജീവിതകാലത്ത് ആയിരക്കണക്കിന് പരസ്യങ്ങൾ പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിരുന്നു. നിങ്ങളും പരസ്യങ്ങൾ നല്കുക. ഇതു മുഖേനയും ഫലമെടുക്കാവുന്നതാണ്.

ഇക്കാലഘട്ടം മീഡിയയുടേതാണ്. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ഇപ്പോൾ വെബ്സൈറ്റിൽ ഇടേണ്ടതാണ്. സ്വന്തം ടീമുണ്ടാക്കേണ്ടതാണ്. ഇവ്വിധം ഒരു പ്രവൃത്തിയിൽനിന്നു മറ്റു പ്രവൃത്തി ഉരുത്തിരിഞ്ഞു വരുന്നതായിരിക്കും. വളരെയധികം വഴികൾ തുറക്കപ്പെടുന്നതായിരിക്കും. ഞാനിപ്പോൾ പറഞ്ഞ കാര്യങ്ങൾ മാത്രം ചെയ്താൽത്തന്നെയും ധാരാളമാണ്.

സ്വന്തം പ്രവർത്തനപരമായ മാതൃകകൾ കാഴ്ചവെക്കുക. ദുആകൾ ചെയ്യുക. ഹൃദയത്തെ മാറ്റുന്ന പ്രവൃത്തി നമ്മുടേതല്ല. സന്ദേശം എത്തിക്കലാണ് നമ്മുടെ ഡ്യൂട്ടി. സന്ദേശം എത്തിക്കുന്നതിന് നബി(സ) തിരുമേനിയോടും അല്ലാഹു പറഞ്ഞിരുന്നു. ഹൃദയത്തെ മാറ്റുക എന്ന ബാക്കി പ്രവൃത്തി അല്ലാഹുവിന്റേതാണ്. നിങ്ങൾ സന്ദേശം എത്തിച്ചുകൊണ്ടേ പോവുക.

ലോകം എപ്പോൾ മാറുമെന്ന് ആളുകൾ എന്നോട് ചോദിക്കുന്നു. നമ്മൾ സന്ദേശം എത്തിക്കുക എന്നും ക്ഷീണിക്കരുതെന്നും പിന്മാറരുതെന്നും തളർന്ന് പോകരുതെന്നും ഒന്നിനെതൊട്ടും വേവലാതിപ്പെടരുതെന്നും ഞാൻ അവരോട് പറയുകയാണ്. അല്ലാഹു ഒരു ദിവസം കൊണ്ടുവരുന്നതാണ്. അന്ന് അവരുടെ ഹൃദയം മാറിയിട്ടുണ്ടാകും. ഇത് അവർ സ്വീകരിച്ചിട്ടുണ്ടാകും. ഈ തലമുറ ഇല്ലെങ്കിൽ ഇവരുടെ അടുത്ത തലമുറ സ്വീകരിക്കുന്നതായിരിക്കും. ദൈവിക ജമാഅത്തുകൾക്ക് ഒരു തലമുറ എന്നത് ഒന്നുമല്ല. ഇൻശാ അല്ലാഹുൽഅസീസ്, വിജയം നമുക്ക് പ്രാപ്തമാകും, തീർച്ച. ഒടുവിൽ നമ്മൾ അവരുടെ ഹൃദയം ജയിച്ചടക്കുകതന്നെ ചെയ്യും.

ഹോളണ്ടിലെ ഈ സന്ദർശനത്തിൽ പത്രങ്ങൾ ഞാനുമായി ഇന്റർവ്യൂ നടത്തി. താങ്കൾ താങ്കളുടെ ലക്ഷ്യം നേടുന്നതിൽ നിരാശനാകുകയില്ലേ എന്ന് അവർ ചോദിച്ചു. ഞങ്ങളുടെ പ്രവൃത്തി നിരാശരാകാതെ ഞങ്ങൾ ചെയ്തുകൊണ്ടേ പോകുക എന്നതാണ്. അവസാന ലക്ഷ്യം പ്രാപിക്കുന്നതുവരെ പ്രവൃത്തിച്ചുകൊണ്ടേ പോകുക. എത്രമാത്രം ശക്തിമത്തായ തീരുമാനം എടുക്കുമോ അത്രയും ധൈര്യത്തോടെ മനുഷ്യൻ പ്രവർത്തിക്കുന്നു. സ്വന്തം തീരുമാനങ്ങൾ ശക്തിമത്താക്കുക. നിശ്ചയദാർഢ്യം ഉണ്ടാക്കുക.

ഒരു നവഅഹ്മദി പറഞ്ഞു: സ്വന്തക്കാരുടെ വീടുകളിൽ സന്ദേശം എത്തിക്കുമ്പോൾ കഠിനമായ പ്രതികരണങ്ങളുണ്ടാകുന്നു. എന്റെ മൂത്ത സഹോദരൻ ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ സ്വന്തം മക്കളെ കൈവശമാക്കി സഹോദരനെ വീട്ടിൽനിന്നു പുറത്താക്കി.

ഹുദൂർ അൻവർ: മതത്തിനുവേണ്ടി ത്യാഗങ്ങൾ സമർപ്പിക്കേണ്ടി വരുന്നു. മുഹമ്മദ് നബി(സ)യുടെ കാലത്ത് മുസ്ലിമീങ്ങളാകുന്നവരോട് ഇത്തരത്തിലുള്ള പെരുമാറ്റമാണ് നടന്നിരുന്നത്. ഈ അവസാനകാലഘട്ടം ആദിമ കാലഘട്ടവുമായി ചേർന്നു കിടക്കുന്നു. അതുകൊണ്ട് ആദിമകാലത്തുള്ള അതായത് നബി(സ)യുടെ കാലഘട്ടത്തിൽ നേരിടേണ്ടി വന്ന അതേ എതിർപുതന്നെ ഇക്കാലഘട്ടത്തിലും നേരിടേണ്ടി വരുന്നു.

നിങ്ങളുടെ മാതാപിതാക്കളെ ആദരിക്കുക. എന്നാൽ, മതത്തിന്റേയും ദൈവത്തിന്റേയും കാര്യങ്ങൾ വരുന്നിടത്ത് മതത്തിനും ദൈവത്തിനും പ്രാധാന്യം കൊടുക്കേണ്ടതാണ്. ഭൗതികതയേക്കാൾ ദീനിന് പ്രാധാന്യം കൊടുക്കുമെന്ന് നാം പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അപ്പോൾപിന്നെ ഈ ത്യാഗങ്ങൾ ചെ യ്യേണ്ടതായി വരുന്നു.

ഈ എതിർപുകളും മോശമായ പെരുമാറ്റവും കാരണത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ സ്വന്തം ബന്ധുമിത്രാദികളോട് വെറുപ്പും നീരസവും ഉണ്ടാകാൻ പാടില്ല. അവരോട് മൃദുലമായി പെരുമാറേണ്ടതാണ്. അവർക്കുവേണ്ടി ദുആ ചെയ്യുക. ക്ഷമയോടെ അവർക്ക് സ്വന്തം സന്ദേശം എത്തിക്കുക. ഇതൊക്കെ മറന്നുപോകുകയും ദൈവാനുഗ്രഹത്താൽ സാഹചര്യം നന്നായിത്തീരുകയും ചെയ്യുന്ന ഒരു കാലം അവസാനം വരുന്നതായിരിക്കും

ഹുദൂർ അൻവർ പറഞ്ഞു: യൂ.കെയിൽ അയർലാൻഡിലെ ഒരു പെൺകുട്ടി പഠിക്കുന്നുണ്ടായിരുന്നു. അവൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. അവളുടെ മാതാപിതാക്കൾ അവളുമായുള്ള ബന്ധം പൂർണമായും വിച്ഛേദിച്ചു. എന്നാൽ, ആ പെൺകുട്ടി ഈ എതിർപുകളൊക്കെയുണ്ടായിട്ടും മാതാപിതാക്കളുമായുള്ള ബന്ധം ഉപേക്ഷിച്ചില്ല. ഇപ്പോൾ ഈ കുട്ടി അമേരിക്കയിൽപോയി. ഞാൻ അയർലാൻഡിൽ പോയപ്പോൾ അവൾ അമേരിക്കയിൽ നിന്നു എന്നെ കാണാൻ അവിടെ വന്നു. തന്റെ മാതാപിതാക്കളുടെ തന്നോടുള്ള പെരുമാറ്റം മോശമാണെന്ന് പറഞ്ഞുകൊണ്ട് അവൾ കരയുന്നുണ്ടായിരുന്നു. എന്നാൽ, താൻ ആ ബന്ധം വിച്ഛേദിച്ചിട്ടില്ലെന്നും ബന്ധം ഇപ്പോഴും തുടരുകയാണെന്നും പറഞ്ഞു.

ഹുദൂർ അൻവർ: ഇക്കാര്യങ്ങളാണ് നാം എപ്പോഴും മുന്നിൽ വെക്കേണ്ടത്. അല്ലാഹു അദ്ദേഹത്തിന്റെ പ്രയാസങ്ങൾ നീക്കിക്കൊടുക്കുമാറാകട്ടെ. അവരുടെ വീട്ടുകാരുടെ ഹൃദയങ്ങൾ തുറന്നു കൊടുക്കുമാറാകട്ടെ. യഥാർഥ ഇസ്ലാം സ്വീകരിക്കുന്നതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.-ആമീൻ

വയോധികനായ ഒരു സുഹൃത്ത് ചോദിച്ചു: സത്യമാണെന്ന് അറിഞ്ഞിട്ടും മുസ്ലിം രാജ്യങ്ങൾ എന്തുകൊണ്ടാണ് അഹ്മദിയ്യത്ത് സ്വീകരിക്കാത്തത്.?

ഹുദൂർ അൻവർ: 'ആരുടെയെങ്കിലും ഹൃദയങ്ങൾ മാറ്റുക എന്നത് നമ്മുടെ ജോലിയല്ലെന്ന് ഞാൻ മുമ്പേയും സൂചിപ്പിച്ചിരുന്നു. നമ്മൾ നമ്മുടെ സന്ദേശം അറബികൾക്കും എത്തിക്കുന്നു. അഹ്മദിയാകുന്ന അറബികൾ സ്വന്തം പണ്ഡിതന്മാരോട് അഹ്മദിയ്യത്ത് എന്താണ് പറയുന്നതെന്ന് വിവരിക്കുന്നു. ഇത് അവർക്കുള്ള സന്ദേശമാണ്. അപ്പോൾ ആ പണ്ഡിതന്മാർ അതിരുകടന്ന് പറയുന്നത് 'നിങ്ങൾ കാഫാറായിപ്പോയി' എന്നാണ്.

നബി(സ)തിരുമേനി പറഞ്ഞിരുന്നു, അവസാനകാലത്ത് ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ടരായ സൃഷ്ടികൾ പണ്ഡിതന്മാരായിരിക്കുമെന്നാണ്. മുസ്ലിം രാജ്യങ്ങളിലുള്ള ഭൗതിക ഭരണകൂടങ്ങൾക്കാകട്ടെ മതത്തോട് പ്രത്യേക താൽപര്യമൊട്ടില്ലതാനും. പണ്ഡിതന്മാരോടൊപ്പം നിന്നില്ലെങ്കിൽ അവരുടെ പിന്നിലുള്ളവർ തങ്ങൾക്ക് വോട്ട് ചെയ്യില്ലെന്ന് അവർ കരുതുന്നു.

പാക്കിസ്താനിൽ ചിലർ ആഴ്ചയിൽ 4 നമസ്കാരം പോലും നമസ്കരിക്കുന്നവാരായി ഉണ്ടാകില്ലെന്ന് എനിക്കറിയാം. എന്നാൽ, പണ്ഡിതന്മാരുടെ മുമ്പിൽ നിരാലംബരാണ്. പണ്ഡിതന്മാരുടെ അടുക്കൽ അംഗങ്ങളുണ്ട്. തിരഞ്ഞെടുപ്പുകളിൽ കൂടുതൽ സീറ്റുകളൊന്നും ഈ പണ്ഡിതന്മാർക്ക് ലഭിക്കാറില്ലെങ്കിലും അവരുടെ കൈയിൽ മെമ്പറന്മാരുള്ളതുകൊണ്ട് ജനങ്ങളെ പ്രകോപ്പിക്കുന്നു. മറ്റു മെമ്പറന്മാർ ഇവർ മുഖേന തങ്ങളുടെ വോട്ട് കരസ്ഥമാക്കുന്നു. ഇക്കാരണത്താൽ ഇവർ പണ്ഡിതന്മാരുടെ അടിമകളാണ്.

നബി(സ)തിരുമേനി ഈ പണ്ഡിതന്മാരുടെ പിന്നാലെ പോകണമെന്നും അവർ പറയുന്നത് വിശ്വസിക്കണമെന്നും പറഞ്ഞിട്ടില്ല. മറിച്ച്, ഈ ഉലമാക്കളെ കുറിച്ച് പറഞ്ഞത് ആകാശത്തിൻകീഴിൽ ഏറ്റവും നികൃഷ്ട ജീവികളായിരിക്കും അവരെന്നാണ്. അതുകൊണ്ട് നമ്മുടെ ജോലി സന്ദേശം എത്തിക്കലാണ്. ഹൃദയം തുറക്കുക എന്ന ബാക്കി ജോലി അല്ലാഹുവാണ് ചെയ്യേണ്ടത്.

അൽജീരിയായിലെ ഒരു നവഅഹ്മദി സ്നേഹിതൻ ഹോസിൻ അസീസി(Hocine Azizi) സാഹിബ് പറഞ്ഞു: ഹോളണ്ടിൽ പോകുന്ന ഈ സംഘത്തോടൊപ്പം പോകാനുള്ള പ്രോഗ്രാമൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പോകുന്നതിനു രണ്ടു ദിവസം മുമ്പേ കശ്ഫിൽകണ്ടു, ഞാൻ ഉറങ്ങുകയോ ഉണർന്നിരിക്കുകയോ ആയിരുന്നില്ല, അല്ലാഹുവിന്റെ ഭാഗത്തുനിന്ന് വ്യക്തമായ ശബ്ദം ഞാൻ കേട്ടു:

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 27 August 2020 Issue-35

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

‘നിങ്ങൾ ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ച നടത്തുന്നവരാണ്. സ്വദഖല്ലാഹുൽഅളീം.’ ഇക്കാര്യം എന്നെ ഉള്ളിൽനിന്ന് ഇളക്കിമറിച്ചു. കാരണം ഞാനെന്റെ പേരുപോലും ഹോളണ്ട് പോകുന്നവരുടെ ലിസ്റ്റിൽ നല്കിയിരുന്നില്ല. ഈ സ്വപ്നം കണ്ടതിനു ശേഷം ഞാനുടനെതന്നെ എന്റെ പേര് എഴുതിച്ചു. എന്നാൽ, ഈ സ്വപ്നത്തെ കുറിച്ച് ഒരാളോടും സൂചിപ്പിച്ചിരുന്നില്ല. ഈ പ്രോഗ്രാം ഒരു പക്ഷേ, മാറ്റിവെക്കേണ്ടി വരുമെന്ന് വെള്ളിയാഴ്ച എനിക്ക് അറിയിപ്പു കിട്ടി. കാരണം ഹോളണ്ടിൽ നിന്ന് അനുവാദത്തെ കുറിച്ചുള്ള അറിയിപ്പൊന്നും ലഭിച്ചിരുന്നില്ല. ഈ അങ്കലാപ്പിലായിരുന്നപ്പോൾ രണ്ടാമത് അനുവാദം ലഭിച്ചു എന്ന അറിയിപ്പു കിട്ടി. പ്രത്യക്ഷമായി അസംഭവ്യം എന്നു കരുതിയിരുന്ന വാഗ്ദാനത്തെ എങ്ങനെ അല്ലാഹു യാഥാർഥ്യമാക്കി കാണിച്ചു എന്നോർത്ത് അല്ലാഹുവിന് നന്ദിപൂർവം സുജൂദ് ചെയ്തു.

ഹുദൂർ അൻവർ: അൽഹംദുലില്ലാഹ്.

ഹോസിൻ അസീസി(Hocine Azizi) സാഹിബ്: ഹുസൂർ എനിക്കു വേണ്ടി ദുആ ചെയ്താലും.

ഹുദൂർ അൻവർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഭാര്യാമക്കളോട് ശക്തി പ്രയോഗിക്കേണ്ട ആവശ്യമില്ല. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ ശരിയായിരിക്കുമ്പോൾ, അതുകണ്ട് ഭാര്യ സ്വയമേവ സ്വീകരിച്ചു കൊള്ളും. ഇൻശാഅല്ലാഹ്.

ഹോസിൻ അസീസി സാഹിബ്: ഹുദൂർ ഞങ്ങളുടെയടുക്കൽ എപ്പോഴാണ് വരിക?

ഹുദൂർ അൻവർ: ഞാൻ വരും, ഇൻശാ അല്ലാഹ്.

ഒരു നവഅഹ്മദി പറഞ്ഞു: എനിക്ക് 5 മക്കളുണ്ട്. മാലി രാജ്യവുമായിട്ടാണ് എനിക്ക് ബന്ധം. ഇന്നത്തെ കൂടിക്കാഴ്ച സാധ്യമായതിൽ ഞാൻ ഹുദൂറിന് നന്ദി പറയുന്നു.

ഹുദൂർ അൻവർ: ‘മാലിയിൽ ജമാഅത്ത് വേഗത്തിൽ വ്യാപിച്ചു കൊണ്ടിരിക്കുകയാണ്.’

മൊറോക്കോയുമായി ബന്ധമുള്ള ഒരു നവഅഹ്മദി സ്നേഹിതൻ പറഞ്ഞു: ഇക്കാലഘട്ടത്തിലെ അവസ്ഥകൾ മൂന്നാം ലോക മഹായുദ്ധത്തിലേക്ക് നയിക്കുമെന്ന് ഇപ്പോഴത്തെ എല്ലാ മീഡിയകളും സൂചന നല്കുന്നു.

ഹുദൂർ അൻവർ: മീഡിയ ഇപ്പോഴാണ് പറയുന്നത്. ഞാൻ കഴിഞ്ഞ 5 വർഷമായി പറഞ്ഞു വരുന്നു. ലോകം ഒരു ലോക മഹായുദ്ധത്തിലേക്ക് നീങ്ങുകയാണ്. ഈ യുദ്ധം സർവലോകത്തും വ്യാപിക്കുന്നതാണ്. വിവിധ ബ്ലോക്കുകളുണ്ടാക്കുന്നു. വലിയ വലിയ ശക്തികൾ ഇതിൽ Involve ആയിക്കൊണ്ടിരിക്കുന്നു. സിറിയ, ഇറാഖ്, യമൻ, സൗദി അറേബ്യ പോരാടിക്കൊണ്ടിരിക്കുന്നു. ഫലസ്തീനും ഇസ്രയേലും തമ്മിൽ യുദ്ധമാണ്. ഇന്ന് റഷ്യൻ വിമാനങ്ങൾ തുർക്കി ബോർഡറിനടുത്ത് ബോംബ് ഇട്ടിരിക്കുകയാണ്; റഷ്യ കർമപരമായ നിലയിൽ Involve ആയിരിക്കുകയാണ്. ഇപ്പോൾ റഷ്യ സഹായിക്കുന്നവരെ അമേരിക്ക സഹായിക്കുന്നില്ല. ഒരു ഭാഗത്ത് നാറ്റോയുടേയും വിശദീകരണം വന്നു കൊണ്ടിരിക്കുന്നു.

ഫ്രാൻസിൽ സിറിയയെ സംബന്ധിച്ച് ഒരു മീറ്റിംഗ് നടന്നിരുന്നു. ഭരണകൂടത്തെ സഹായിക്കേണ്ടതാണെന്ന് ഇപ്പോൾ പറയപ്പെട്ടിരിക്കുന്നു. ഇപ്പോൾ അവർ തങ്ങളുടെ അഭിപ്രായം മാറ്റിയിരിക്കുന്നു. ഇവർക്ക് കാര്യങ്ങൾ മനസ്സിലാകുന്നില്ലെങ്കിൽ യുദ്ധമുണ്ടാകുന്നതായിരിക്കും.

ഒരു സമയത്ത് എന്തായാലും യുദ്ധം ഉണ്ടാകേണ്ടതുണ്ട്. ദൈവത്തെ മറന്നിരിക്കുകയാണ്. പരസ്പരം അവകാശധ്വംസനം നടത്തിക്കൊണ്ടിരിക്കുന്നു. ശിക്ഷ നല്കുന്നതിന് ദൈവത്തിന്റേതായ രീതികളുണ്ട്. യുദ്ധത്തിനുശേഷം ഇവർ ദൈവത്തിലേക്ക് മടങ്ങും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളുണ്ട്. നീതിയും ന്യായവും സ്ഥാപിതമാകുന്നില്ലെങ്കിൽ ഈ യുദ്ധം നടക്കുന്നതായിരിക്കും. പരസ്പരമുള്ള അവകാശങ്ങൾ നിറവേറ്റാൻ തുടങ്ങേണ്ടതാണ്. എന്നാൽ, സംഭവിച്ചു കൊണ്ടിരിക്കുന്ന അവസ്ഥകളിൽ നിന്ന് തോന്നുന്നത് ഇവർ യുദ്ധത്തിലേക്ക് നീങ്ങുന്നുവെന്നാണ്.

ഒരു നവ അഹ്മദി പറഞ്ഞു: ഞാൻ ‘ഖംറൂസ്ദ്വീപ്’ വാസിയാണ്. അഹ്മദിയ്യത്തിന്റെ സന്ദേശം അയർലൻഡ്(Ireland)ലെ മായൂട്ടിൽ നിന്നാണ് ലഭിച്ചത്. ഈ വർഷമാണ് ബയ്അത്ത് ചെയ്തത്. അവിടുത്തെ മസ്ജിദ് ഇമാം രഹസ്യമായി ഹുദൂറിന്റെ ഖുത്ബ കേൾക്കാറുണ്ടായിരുന്നു. ഇമാം മഹ്ദി വന്നു എന്നും ഇപ്പോൾ അഞ്ചാം ഖലീഫയാണെന്നും പിന്നീട് ആളുകളോട് പറയാൻ തുടങ്ങി. അങ്ങനെ അവിടെ 70 ആളുകളോടൊപ്പം അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. ബയ്അത്ത് ചെയ്തു. ബയ്അത്ത് ചെയ്യുന്നതിനു മുമ്പേതന്നെ ഞാൻ മടങ്ങി വന്നിരുന്നു. അതുകഴിഞ്ഞ് ഫ്രാൻസിൽവച്ച് ഞാൻ ബയ്അത്ത് ചെയ്തു.

ഞാനെന്റെ കുടുംബത്തിലെ ഏക അഹ്മദിയാണ്. വീട്ടിൽ 5 അംഗങ്ങളുണ്ട്. അവർ എതിർക്കുന്നുമില്ല. വിശ്വസിക്കുന്നുമില്ല.

ഹുദൂർ അൻവർ: ദുആ ചെയ്തു കൊണ്ടിരിക്കുക. കർമപരമായ മാതൃകകൾ കാഴ്ച വെക്കുക. അവർ വിശ്വസിക്കുന്നതായിരിക്കും. യഥാർഥ കാര്യം ദുആ തന്നെയാണ്.

ഒരു നവ അഹ്മദി പറഞ്ഞു: ഹജ്ജ് ചെയ്യുന്നതിന് സൗകര്യം ഉണ്ടെങ്കിൽ ഹജ്ജ് ചെയ്യാമോ?എന്നാൽ, അവിടെ എങ്ങനെ നമസ്കരിക്കും?

ഹുദൂർ അൻവർ: ഹജ്ജിനു പോകുന്ന അഹ്മദികൾക്ക് സൗകര്യങ്ങളുണ്ട്. തടസ്സമൊന്നുമില്ല. ലോകത്തെ വിവിധ മുസ്‌ലിം വിഭാഗങ്ങളിൽ നിന്നുള്ളവർ ഹജ്ജിന് പോകാറുണ്ട്. മറ്റുള്ളവരുടെ പിന്നിൽ നിന്ന് അവർ നമസ്കരിക്കാറുമില്ല. നിങ്ങൾ എവിടെയെങ്കിലും കുടുങ്ങിപ്പോയാൽ സ്വയം നമസ്കരിക്കുക. വാഗ്ദത്ത മസീഹിനെ സ്വീകരിക്കാത്തതിനാൽ ഞാൻ വേറെ നമസ്കരിക്കുന്നു എന്ന നിയ്യത്തോടെ നമസ്കരിക്കുക.

ചില അഹ്മദികൾ ഒരുമിച്ചുകൂടി ജമാഅത്തായും നമസ്കരിക്കാറുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ കാലത്ത് ഹജ്ജ് ചെയ്തിരുന്നു. ഒരു സാഹചര്യത്തിലും പുറത്തു വരാൻ പറ്റാത്ത ഒരു സാഹചര്യവുമുണ്ടായി. അപ്പോൾ ഒപ്പം പോയ ആരോ ഹുദൂറിനോട് പറഞ്ഞു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ, ഇത്തരം സാഹചര്യത്തിൽ നമസ്കരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ നമസ്കരം നിർവഹിച്ചു.

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: ‘വാഗ്ദത്ത മസീഹിനെ നിരാകരിച്ച ഇമാമിന്റെ പിന്നിൽ നമസ്കരിച്ചതിനാൽ ഹൃദയം അസ്വസ്ഥമാണ്.’ തുടർന്ന് താമസസ്ഥലത്ത് മടങ്ങിയെത്തി രണ്ടാമത് നമസ്കാരം നിർവഹിച്ചു. പിന്നീട് ഖാദിയാനിലെത്തി ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോട് കാര്യം വ്യക്തമാക്കിയപ്പോൾ ഹുദൂർ പറഞ്ഞു: ‘ഇത്തരം സാഹചര്യം ഉണ്ടായാൽ, ഭയാവസ്ഥ ഉണ്ടായാൽ, ക്ഷമിക്കാൻ സാധിക്കില്ലെങ്കിൽ അവിടെ നമസ്കരിക്കുക. താമസസ്ഥലത്ത് തിരിച്ചെത്തിയിട്ട് സ്വന്തം നമസ്കരിക്കുക.’

ഒരു നവഅഹ്മദി പറഞ്ഞു: ചില അനഹ്മദി ബന്ധുക്കളും സ്നേഹിതരും വരാറുണ്ട്. നമസ്കാര സമയമായിരിക്കും അവർ വരിക. അവർ നമസ്കരിക്കുകയില്ല. തർക്ക വിതർക്കങ്ങൾ നടത്തി ടീ.വിയുടെ ശബ്ദം ഉയർത്തി വെക്കുന്നു.

ഹുദൂർ അൻവർ: വീട്ടിൽവരുന്ന അതിഥികളോട് ഏറ്റുമുട്ടേണ്ട കാര്യമില്ല. നമസ്കാര സമയം എത്തിയാൽ സെന്ററിലേക്ക് പോയി നമസ്കരിക്കുക. ഞാൻ നമസ്കരിക്കാൻ പോകുകയാണെന്ന് അവരോട് പറയുക. സെന്ററില്ലെങ്കിൽ വീട്ടിൽ നമസ്കരിക്കുക. നമസ്കരിക്കാൻ ആഗ്രഹിക്കുന്നവർ എന്റെ കൂടെ വരാൻ അവരോട് പറയുക. എനിക്ക് നമസ്കരിക്കാൻ സാധിക്കും വിധം ടീ.വിയുടെ ശബ്ദം കുറച്ച് വെക്കാനും പറയുക.

രണ്ട് സഹോദരന്മാരും ഈ സംഘത്തിലുണ്ടായിരുന്നു. അവരിൽ ഒരാൾ പറഞ്ഞു: ഞാൻ 5 വയസ്സ് പ്രായമുള്ളപ്പോൾ, മുമ്പേ ഹുദൂറിനെ കണ്ടിട്ടുണ്ട്. ഇപ്പോൾ എനിക്ക് 15 വയസ്സുണ്ട്.10 വർഷത്തിനു ശേഷം ഹുദൂറിനെ കാണുകയാണ്. ഹുദൂർ എനിക്കു വേണ്ടിയും എന്റെ കുടുംബത്തിനു വേണ്ടിയും ദുആ ചെയ്താലും.

ഒരു നവഅഹ്മദി വനിത പറഞ്ഞു: അഹ്മദിയ്യത്തിൽ സ്ത്രീകളുടെ സ്ഥാനമെന്താണ്?

ഹുദൂർ അൻവർ: ഇസ്‌ലാമിലുള്ള അതേ സ്ഥാനമാണ് അഹ്മദിയ്യത്തിൽ സ്ത്രീകൾക്കുമുള്ളത്. തന്റെ കുടുംബത്തോട് ഏറ്റവും നല്ലവണ്ണം പെരുമാറുന്നവനാണ് നിങ്ങളിൽ ഏറ്റവും ഉത്തമനെന്ന് നബി(സ) തിരുമേനി പറഞ്ഞിട്ടുണ്ട്. ഞാനെന്റെ കുടുംബത്തോട് ഏറ്റവും നല്ലവണ്ണം പെരുമാറുന്നവനാണെന്നും അവിടന്ന് പറഞ്ഞു.

നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞിട്ടുണ്ട്: കുട്ടികളുടെ നല്ല ശിക്ഷണമാണ് ഒരു സ്ത്രീയുടെ ദൗത്യം. അവൾ അവരുടെ പരിപാലകയാണ്.

**(തുടരും)**

WTT- 21124

**6–5–2020**

ബഹുമാനപ്പെട്ട മാനേജർ സാഹിബ് ബദ്ർ വീക്കിലി ഖാദിയാൻ

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു*

താങ്കളയച്ച വിവിധ ഭാഷകളിലുള്ള ബദ്ർ വീക്കിലിയുടെ ‘ഹദ്റത്ത് മസീഹ് മൗഊദ് സ്പെഷ്യൽ പതിപ്പ്’ ലഭിച്ചു. ജസാക്കുമുല്ലാഹ്. അല്ലാഹു ഈ സ്പെഷ്യൽ പതിപ്പുകൾ ജമാഅത്തംഗങ്ങൾക്ക് അവരുടെ ധാർമികവും കർമപരവുമായ അവസ്ഥകളിൽ നല്ല മാറ്റങ്ങളുണ്ടാക്കുന്നതിനുള്ള മാർഗമാക്കിത്തീർക്കുമാറാകട്ടെ. ഇതിന്റെ പ്രസിദ്ധീകരണത്തിൽ ഉൾപ്പെട്ട ജമാഅത്തിലെ എല്ലാ സേവകരേയും അവന്റെ പ്രത്യേകമായ ഫള്ലുകളുടേയും റഹ്മത്തുകളുടേയും അനന്തരാവകാശികളാക്കുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും നിങ്ങളിലർപിതമായ നിർബന്ധ കടമകൾ വഖ്ഫിന്റെ എല്ലാ തേട്ടങ്ങളും നല്ലനിലയിൽ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. സത്യസന്ധതയിലും കൂറിലും അഭിവൃദ്ധിപ്പെടുത്തികൊണ്ടിരിക്കുമാറാകട്ടെ. ദീനിന്റേയും ദുൻയാവിന്റേയും നന്മകൾകൊണ്ടനുഗ്രഹിക്കുമാറാകട്ടെ.(ആമീൻ)

വസ്സലാം
വിനീതൻ
ഒപ്പ്

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin